بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ      نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ      وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly **BADAR** Qadian Malayalam

വാല്യം 7

ലക്കം 38

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2022 സെപ്റ്റംബർ 22/ഹി.ശം. 1401 തബൂക് 22/ഹിജ്റ 1444 സ്വഫർ 25

## അല്ലാഹുവിന്റെ വചനം

وَالَّذِیۡنَ یُمَسِّکُوۡنَ بِالۡکِتٰبِ وَاَقَامُوا الصَّلٰوۃَ ؕ اِنَّا لَا نُضِیۡعُ اَجۡرَ الۡمُصۡلِحِیۡنَ ﴿۱۷۱﴾ (سُوۡرَۃُ الۡاَعۡرَافِ:171)

'ഗ്രന്ഥത്തെ മുറുകെപ്പിടിക്കുകയും നമസ്കാരം നിലനിറുത്തുകയും ചെയ്യുന്നവരാരോ അത്തരം നന്മ പ്രവർത്തിക്കുന്നവരുടെ പ്രതിഫലം നാം പാഴാക്കുകയില്ല തന്നെ.'(7:171)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്‌രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബിﷺയുടെ സാരോപദേശം:

### നമസ്കാരം തടഞ്ഞുവെക്കുന്നതുവരെ നിങ്ങളിലോരോരുത്തരും നമസ്കാരത്തിൽ തന്നെയാകുന്നു

(2119) ഹദ്റത്ത് അബൂഹൂറയ്റ(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: നിങ്ങളിൽ ഏതൊരു വ്യക്തിയാണോ(മസ്ജിദിൽ) ജമാഅത്തായി നമസ്കരിക്കുന്നത് അയാൾക്ക് ബാസാറിലോ അല്ലെങ്കിൽ തന്റെ വീട്ടിലോ നമസ്കരിക്കുന്നതിനെക്കാൾ ഇരുപതിലധികം ദർജ കൂടുതൽ ശ്രേഷ്ഠതയുണ്ട്. കാരണം അയാൾ നല്ല രീതിയിൽ വുളു ചെയ്യുകയും പിന്നീട് നമസ്കരിക്കുക എന്ന നിയ്യത്തോടെ മസ്ജിദിൽ വരികയും നമസ്കാരം മാത്രം അവനെ വഹിക്കുകയും ചെയ്യുമ്പോൾ അവൻ വെക്കുന്ന ഓരോ ചുവടിനോപ്പം തീർച്ചയായും അവന്റെ ഒരു ദർജ ഉയർന്നു പോകുന്നു. അല്ലെങ്കിൽ അവന്റെ തെറ്റുകളിൽ കുറവു വരുത്തപ്പെടുന്നു. പിന്നീട് അവൻ താൻ നമസ്കരിച്ച സ്ഥലത്ത് നിൽക്കുവോളം മലക്കുകൾ കാരുണ്യത്തിനുവേണ്ടി പ്രാർഥിച്ചുകൊണ്ടിരിക്കുന്നു.(അവർ പറയുന്നു): അല്ലാഹുവേ! അവനെ നിന്റെ പ്രത്യേക കാരുണ്യംകൊണ്ട് അനുഗ്രഹിച്ചാലും. അല്ലാഹുവേ! അവനുമേൽ കരുണ ചൊരിഞ്ഞാലും. ഈ ദുആ അവന്റെ വുളു മുറിയാത്തതുവരെ തുടർന്നുകൊണ്ടിരിക്കുന്നു. അല്ലെങ്കിൽ ആരെയെങ്കിലും ബുദ്ധിമുട്ടിക്കാത്തിടത്തോളം! അവിടന്ന് പറഞ്ഞു: നിങ്ങളിൽ എല്ലാ ഓരോരുത്തരും, നമസ്കാരം അവനെ തടഞ്ഞുവെക്കുന്നതുവരെ നമസ്കാരത്തിൽ തന്നെയായിരിക്കും. എന്റെ പേരിട്ടുകൊള്ളുക. പക്ഷേ, വിളിപ്പേരിടരുത്

(2120) ഹദ്റത്ത് അനസ് ബിൻ മാലിക് നിവേദനം. നബി(സ)തിരുമേനി ഒരിക്കൽ അങ്ങാടിയിൽ നില്ക്കുകയായിരുന്നു. പിന്നിൽനിന്ന് ഒരാൾ അബുൽകാസിമേ എന്നു വിളിച്ചു. നബി(സ)തിരുമേനി അങ്ങോട്ടു തിരിഞ്ഞുനോക്കി. അപ്പോൾ അയാൾ താങ്കളെയല്ല ഞാൻ ഇന്നയാളെയാണ് വിളിച്ചതെന്ന് പറഞ്ഞു. അപ്പോൾ നബി(സ) തിരുമേനി പറഞ്ഞു: നിങ്ങൾ എന്റെ പേര് ഇട്ടുകൊള്ളുവിൻ, എന്നാൽ, എന്റെ

ശേഷം പേജ് 12ൽ

## ബൈബിൾ പിരിച്ചയക്കപ്പെട്ടതായി കിടക്കുന്നു. വിശുദ്ധ ഖുർആൻ അനുസരിച്ച് കർമങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു.

### സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ ഉപദേശങ്ങൾ

വിശുദ്ധ ഖുർആനിന്റെ അധ്യാപനം യുക്തിപരമായ വ്യവസ്ഥിതി ഉൾക്കൊള്ളുന്നതാണെന്ന് ഞാനിപ്പോൾ പറഞ്ഞുകഴിഞ്ഞതാണ്. ഇതിന്നെതിരിൽ ഒരു കരണത്ത് അടിച്ചാൽ മറ്റേ കരണവും കാണിച്ചുകൊടുക്കുക തുടങ്ങിയ ബൈബിളിന്റെ അധ്യാപനം നോക്കുക. എത്രമാത്രം ആക്ഷേപാർഹമായ കാര്യമാണ്. അതു മറച്ചുവെക്കാൻ പറ്റുകയില്ല. അതിന്റെ സാംസ്കാരികമായ ചിത്രം അസംഭാവ്യമാണ്. വലിയവരിൽ വലിയവനായ മൃദുലസ്വഭാവമുള്ളവനും ആദരിക്കപ്പെടുന്നവനുമായ പാതിരിക്കുപോലും ഈ അധ്യാപനമനുസരിച്ച് പ്രവർത്തിക്കാൻ സാധിക്കുകയില്ല. ആരെങ്കിലും ബൈബിളിന്റെ ഈ അധ്യാപനത്തിന്റെ കർമപരമായ തെളിവിന്നായി ഏതെങ്കിലും പാതിരി സാഹിബിന്റെ കരണത്തടിച്ചാൽ, അപ്പോൾ മറ്റെ കരണവും കാണിച്ചുകൊടുക്കുന്നതിനു പകരം പോലീസിന്റെ അടുത്ത് ഓടിപ്പോകുന്നതായിരിക്കും. അവനെ പോലീസിൽ ഏല്പിക്കുകയും ചെയ്യും.

ഇതിൽനിന്ന് വ്യക്തമായും മനസ്സിലാകുന്നത് ബൈബിൾ പിരിച്ചയക്കപ്പെട്ടതായി കിടക്കുന്നുവെന്നാണ്. വിശുദ്ധ ഖുർആൻ അനുസരിച്ച് കർമങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. യവത്തിന്റെ ഒരു റൊട്ടിയുടെ കഷണം മാത്രമുള്ള ദരിദ്രയും പാവപ്പെട്ടവളുമായ കിഴവിയ്ക്കും ആ കഷണത്തിൽനിന്ന് ഒരു ഭാഗം നല്കി **വ മിമ്മാ റസഖ്നാഹും** എന്നതിൽ ഭാഗഭാക്കാകാൻ കഴിയും. എന്നാൽ, ബൈബിളിന്റെ കരണത്തടികൊണ്ട് കരണം കാണിച്ചുകൊടുക്കേണ്ട അധ്യാപനത്തിൽ പരിശുദ്ധരിൽ പരിശുദ്ധനായ പാതിരിക്കുപോലും ഭാഗഭാക്കാകാൻ സാധിക്കുകയില്ല.

ബൈബിൾ ഈ വശത്തിലും എത്രമാത്രം അധപതിച്ചതാണെന്ന് സ്ഥാപിതമാകുന്നുവെന്നാൽ, മറ്റുള്ളവർ അവിടെ നിൽക്കട്ടെ, സ്വയം യേശുമിശിഹായ്ക്കും അതനുസരിച്ച് പൂർണമായും കർമം കാണിക്കാൻ കഴിഞ്ഞില്ല. അദ്ദേഹം സ്വയം അവതരിപ്പിച്ചിരുന്ന ആ അധ്യാപനവും കർമപരമായ വശത്തൂടെ നോക്കുമ്പോൾ അതു പറയുന്നതിനുവേണ്ടി മാത്രമുള്ളതാണ്, പ്രവർത്തിക്കാനുള്ളതല്ലെന്ന് സ്ഥാപിച്ചു കാണിച്ചു. അല്ലെങ്കിൽ അദ്ദേഹം ചെയ്യേണ്ടിയിരുന്നത് അദ്ദേഹം അറസ്റ്റു ചെയ്യപ്പെടുന്നതിനുമുമ്പേ സ്വയമേവ ശത്രുക്കൾക്ക് തന്നെ ഏല്പിച്ചുകൊടുക്കുകയും പ്രാർഥിക്കുകയുമായിരുന്നു വേണ്ടിയിരുന്നത്; വ്യാകുലത പ്രകടിപ്പിക്കേണ്ട ആവശ്യംതന്നെ എന്തായിരുന്നു.*(മൽഫൂദാത്ത് വാല്യം 1, പേജ് 395, പ്രസാധനം ഖാദിയാൻ 2018)*

## ഇസ്‌ലാം അക്രമത്തിന്റെ നേരത്ത് ബാഹ്യമായി നിഷേധിക്കാൻ അനുവാദം നല്കുന്നുവെന്നുള്ള ക്രൈസ്തവ എഴുത്തുകാരുടെ എഴുത്ത് മസീഹി പാതിരിമാർ ഇസ്‌ലാമിനുമേൽ ചെയ്തുകൊണ്ടിരുന്ന അക്രമങ്ങളിൽ ഒരു അക്രമം മാത്രമാണ്.

സൂറത്തുന്നഹ്‌ലിന്റെ 111-ാം വചനമായ, ***ഥുമ്മ ഇന്ന റബ്ബക്ക ലില്ലദീന ഹാജറൂ മിൻ ബഅ്ദി മാ ഫുതിനൂ ഥുമ്മ ജാഹദൂ വ സ്വബറൂ ഇന്ന റബ്ബക്ക മിൻ ബഅ്ദിഹാ ല ഗഫൂർറഹീം*** (പിന്നെ തങ്ങൾ മർദിക്കപ്പെട്ടതിനുശേഷം സ്വദേശം വിടുകയും എന്നിട്ട്(അല്ലാഹുവിന്റെ മാർഗത്തിൽ)കഠിനാധ്വാനം ചെയ്യുകയും സ്ഥിരചിത്തരായി നിലകൊള്ളുകയും ചെയ്തവരാരോ അവർക്ക് അതിനുശേഷം തീർച്ചയായും നിന്റെ നാഥൻ വളരെ പൊറുത്തുകൊടുക്കുന്നവനും വളരെ കരുണ ചെയ്യുന്നവനുമാകുന്നു) എന്നതിന് നല്കിയ വ്യാഖ്യാനത്തിൽ ഹദ്റത്ത് മുസ്വ്‌ലിഹ് മൗഊദ്(റ)പറയുന്നു:

ഈ ആയത്തിൽ ആദ്യമെ **ഇല്ലാ മൻ ഉക്‌രിഹ വ ഖൽബുഹൂ മുത്വ്മഇന്നുൻ ബിൽ ഈമാൻ** എന്ന വാക്കുകൾകൊണ്ട് ഒഴിച്ചുനിറുത്തപ്പെട്ട ആളുകൾക്കുള്ള കല്പന പറയപ്പെട്ടിരിക്കുന്നു. അവരുടെകല്പന പറയുന്നത് ഇതാണ്. അക്രമം സഹിക്കാൻ പറ്റാത്തവിധം ആരിലെങ്കിലുംനിന്ന് അക്രമമുണ്ടാകുകയും ബാഹ്യമായി മതപരിത്യാഗിയാകുകയും എന്നാൽ, മനസ്സ് സമാധാനത്തിലാകുകയുമാണെങ്കിൽ അവനുള്ള കല്പന ഇതാണ്:

(1) ഒന്നാമത്തേത് ആളുകളുടെ സമ്മർദത്തിനുവഴങ്ങി മതം ഉപേക്ഷിക്കേണ്ടിവന്ന സ്ഥലം അയാൾ ഉപേക്ഷക്കുക എന്നതാണ്. (2) രണ്ടാമത്തേത് ദീൻ പ്രചാരണത്തിൽ മുഴുകുക എന്നതാണ്. തന്നെ ദീനിനുവേണ്ടി വഖ്ഫു ചെയ്യുക. (3) മൂന്നാമത്തേത് ഈ മുജാഹദ അഥവാ ധർമസമരം നിറുത്താൻ പാടില്ല. പ്രത്യുത സ്ഥൈര്യത്തോടുകൂടി അതിൽ നിലകൊള്ളുകയും താൻ ബാഹ്യമായി ചെയ്ത മതമുപേക്ഷിക്കലിനു പകരം മറ്റാളുകൾക്ക് സന്മാർഗം കൊടുക്കാൻ പരിശ്രമിക്കുകയും ചെയ്യുക. (4) ഭാവിയിൽ അവനിൽനിന്ന് അത്തരം തെറ്റ് പ്രകടമാകാൻ പാടില്ല. അയാൾ ഇക്കാര്യങ്ങൾ അനുസരിച്ച് കർമങ്ങൾ ചെയ്യുന്നതായാൽ പറയുന്നു, ഈ എല്ലാ പ്രവൃത്തികളും ചെയ്തതിനുശേഷം നിന്റെ രക്ഷിതാവ് ആ വ്യക്തിക്ക് മാപ്പു നല്കുന്നതാണ്.

ഈ ത്യാഗങ്ങൾക്കുശേഷം തൗബ സ്വീകരിക്കുമെന്നുള്ള കല്പന നിലനില്ക്കെ ഇസ്‌ലാം അക്രമത്തിന്റെ നേരത്ത് ബാഹ്യമായി നിഷേധിക്കാൻ അനുവാദം നല്കുന്നുവെന്നുള്ള ക്രൈസ്തവ എഴുത്തുകാരുടെ എഴുത്ത് മസീഹി പാതിരിമാർ ഇസ്‌ലാമിനുമേൽ ചെയ്തുകൊണ്ടിരുന്ന അക്രമങ്ങളിൽ ഒരു അക്രമം മാത്രമാണ്.......

മതപരിത്യാഗത്തിന്റെ ആയത്തുകൊണ്ട്, അതിൽ ഭീരുത്വത്തിന്റെ പാഠം നല്കപ്പെട്ടിരിക്കുന്നു എന്ന അർഥമെടുക്കു

ശേഷം പേജ് 12ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

**താങ്കൾ താങ്കളുടെ റബ്ബിനെ അനുസരിക്കണം. താങ്കളുടെ അമീർമാരെ ധിക്കരിക്കരുത്. ദൈവപ്രീതിക്കായി താങ്കളുടെ നിയ്യത്ത് പവിത്രമാക്കി വെക്കണം.**

**അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ എണ്ണമറ്റതാണ്. കർമങ്ങൾ അതിനു പകരമാകുകയില്ല. അല്ലാഹു നിങ്ങളിൽ ഒരുപാട് നന്മചെയ്തതിനും നിങ്ങളെ ഒരു കലിമയിൽ സംഘടിപ്പിച്ചതിനും നിങ്ങളുടെ ഇടയിൽ രഞ്ജിപ്പുണ്ടാക്കിയതിനും ഇസ്‌ലാമിന്റെ സന്മാർഗം പ്രദാനം ചെയ്തതിനും നിങ്ങളിൽ നിന്ന് ശയ്ത്വാനെ അകറ്റി നിറുത്തിയതിനും അവനെ ഒരുപാട് വാഴ്ത്തുക.**

**നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ സ്വിദ്ദീഖെ അക്ബർ ഹദ്റത്ത് അബൂബക്ർ സ്വിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച.**

**അബ്ദുൽഗനി സാഹിബിന്റെ മകൻ നസീർ അഹ്മദ് സാഹിബ് ശഹീദിന്റെ(റബ്‌വ) അനുസ്മരണവും ജനാസ ഗാഇബും**

**ഖുത്ബ ജുമുഅ 2022 ആഗസ്റ്റ് 19/1401 ള്വുഹൂർ 19, മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَحْدَہٗ لَا شَرِیْکَ لَہٗ وَاَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰہِ مِنَ الشَّیْطٰنِ الرَّجِیْمِ ○ بِسْمِ اللّٰہِ الرَّحْمٰنِ الرَّحِیْمِ ○
اَلْحَمْدُ لِلّٰہِ رَبِّ الْعٰلَمِیْنَ ○ الرَّحْمٰنِ الرَّحِیْمِ ○ مٰلِکِ یَوْمِ الدِّیْنِ ○ اِیَّاکَ نَعْبُدُ وَاِیَّاکَ نَسْتَعِیْنُ ○
اِھْدِنَا الصِّرَاطَ الْمُسْتَقِیْمَ ○ صِرَاطَ الَّذِیْنَ اَنْعَمْتَ عَلَیْھِمْ ۙ غَیْرِ الْمَغْضُوْبِ عَلَیْھِمْ وَلَا الضَّآلِّیْنَ ○

ബദ്‌രി സ്വഹാബാക്കളെ സംബന്ധിച്ച അനുസ്മരണത്തിൽ ഹദ്റത്ത് അബൂബക്ർ(റ)ന്റെ കാലഘട്ടത്തെപറ്റി വിവരിച്ചു വരികയായിരുന്നു. അദ്ദേഹത്തിന്റെ കാലഘട്ടത്തിലുണ്ടായ സംഭവങ്ങളെ കുറിച്ച് പറയുകയായിരുന്നു. അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ ശാമിലേക്ക് നടത്തിയ മുന്നേറ്റത്തെ കുറിച്ച് ഇന്നു പറയുന്നതാണ്. ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ)കലാപകാരികളായ മുർത്തദ്ദീങ്ങളെ പരാജിതരാക്കി. അങ്ങനെ അറബികൾ സുസംഘടിതരായപ്പോൾ അദ്ദേഹം പുറത്തുനിന്നുള്ള ശത്രുക്കളിൽപ്പെട്ട റോമക്കാരുമായി യുദ്ധം ചെയ്യാൻ ആലോചിച്ചു. ഇവർ അക്രമകാരികളായിരുന്നു. മുസ്‌ലിമീങ്ങളെ ദ്രോഹിച്ചിരുന്നു. ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ) തന്റെ ഉദ്യമത്തെ പറ്റി ആരേയും അറിയിച്ചിരുന്നില്ല. ഇന്ന് ശാം എന്നു പറയുന്ന ഈ ഭരണകൂടമാണ് റോമൻ സാമ്രാജ്യമെന്ന് അറിയപ്പെട്ടിരുന്നത്. അവിടെയുള്ള രാജാവ് റോമൻ കയ്സർ എന്ന പേരിലാണ് വിളിക്കപ്പെട്ടിരുന്നത്.

ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ)തന്റെ പദ്ധതിയെപറ്റി ആലോചിച്ചുകൊണ്ടിരിക്കുകയായിരുന്നു. അതിന്നിടയിൽ ഹദ്റത്ത് ശറഹ്ബീൽ ബിൻ ഹസ്നറ(റ) അദ്ദേഹത്തിന്റെ തിരുസന്നിധയിലെത്തുകയും അടുത്ത് ഇരിക്കുകയും ചെയ്തു. എന്നിട്ട് പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലിന്റെ ഖലീഫയായുള്ളോവേ! അങ്ങ് ശാമിനു മേൽ സൈനികനീക്കം നടത്താൻ ആഗ്രഹിക്കുകയാണോ?' ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ) പറഞ്ഞു: 'അതേ, അങ്ങനെ ഉദ്ദേശ്യമുണ്ട്. പക്ഷേ, ഇതുവരെ ആരേയും അറിയിച്ചിട്ടില്ല. താങ്കൾ എന്തു കാരണത്താലാണ് ഇങ്ങനെ ചോദിച്ചത്?' ഹദ്റത്ത് ശറഹ്ബീൽ ബിൻ ഹസ്ന(റ) പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലിന്റെ ഖലീഫയായുള്ളോവേ! ഞാനൊരു സ്വപ്നം കാണുകയുണ്ടായി: അങ്ങ് ചില സുഹൃത്തുക്കളോടൊപ്പം ദുഷ്കരമായ പർവതവഴികളിലൂടെ സഞ്ചരിക്കുന്നു. പിന്നെ അങ്ങ് വലിയൊരു കുന്നിന്മേൽ കയറി ജനങ്ങളെ നോക്കുന്നു. അങ്ങയോടൊപ്പം അങ്ങയുടെ സുഹൃത്തുമുണ്ട്. തുടർന്ന് അങ്ങ് ആ കുന്നിൻപുറത്തുനിന്ന് ഇറങ്ങുകയും മാർദവമുള്ള ഫലഭൂയിഷ്ഠമായ ഭൂമിയിലെത്തുകയും ചെയ്തു. അതിൽ വിളകളും അരുവികളും വാസപ്രദേശങ്ങളും കോട്ടകളുമുണ്ടായിരുന്നു. അങ്ങ് മുസ്‌ലിമീങ്ങളോടു പറഞ്ഞു:'നിങ്ങൾ മുശ്‌രിക്കീങ്ങളുമായി യുദ്ധം ചെയ്യുക. വിജയത്തെ കുറിച്ചും സമരാർജിത സ്വത്തുക്കളെ കുറിച്ചും ഞാൻ നിങ്ങൾക്ക് ഉറപ്പു നല്കുന്നു. അങ്ങനെ മുസ്‌ലിമീങ്ങൾ യുദ്ധം ചെയ്തു. ഞാനും പതാകയുമായി സൈന്യത്തിൽ പങ്കാളിയായിരുന്നു. ഞാനൊരു ഗ്രാമപ്രദേശത്ത് പോയപ്പോൾ അവിടെയുള്ള ജനങ്ങളെന്നോടു അഭയം ചോദിച്ചു. ഞാൻ അവർക്ക് അഭയം നല്കി. പിന്നീട് ഞാൻ അങ്ങയുടെ അടുത്ത് തിരിച്ചെത്തിയപ്പോൾ അങ്ങ് ഒരു വലിയൊരു കോട്ടയുടെ അടുത്ത് എത്തിയിരുന്നു. അങ്ങ് വിജയശ്രീലാളിതനായി. ശത്രുക്കൾ അങ്ങയോടു രഞ്ജിപ്പിന്ന് അപേക്ഷിച്ചു. പിന്നീട് അങ്ങയ്ക്കുവേണ്ടി ഒരു ഇരിപ്പിടം വെച്ചു. അങ്ങ് അതിൽ ഇരുന്നു.പിന്നെ അവരിലൊരാൾ അങ്ങയോടു ഇങ്ങനെ അഭ്യർഥിച്ചു:അല്ലാഹു അങ്ങയ്ക്ക് വിജയം നല്കി. അങ്ങയെ സഹായിച്ചു. ആയതിനാൽ അങ്ങ് അവനോടു നന്ദി കാണിക്കുകയും അവനെ അനുസരിക്കുകയും ചെയ്യുക. തുടർന്ന് ആ വ്യക്തി വിശുദ്ധ ഖുർആനിലെ ഈ ആയത്തുകൾ പാരായണം ചെയ്തു. ***ഇദാ ജാഅ നസ്വ്റുല്ലാഹി വൽഫത്ഹു. വറഅയ്ത്തന്നാസ യദ്ഖുലൂന ഫീ ദീനില്ലാഹി അഫ്‌വാജൻ. ഫസബ്ബിഹ് ബിഹംദി റബ്ബിക്ക വസ്തഗ്ഫിർഹു. ഇന്നഹൂ കാന തവ്വാബൻ.*** (അല്ലാഹുവിന്റെ സഹായവും വിജയവും വരികയും. ജനങ്ങൾ അല്ലാഹുവിന്റെ മതത്തിൽ കൂട്ടംകൂട്ടമായി പ്രവേശിക്കുന്നത് നീ കാണുകയും ചെയ്താൽ. നീ നിന്റെ നാഥനെ സ്തുതിക്കുന്നതോടൊപ്പം അവനെ പ്രകീർത്തിക്കുകയും അവനോടു പാപമോചനത്തിന് അർഥിക്കുകയും ചെയ്യുക. തീർച്ചയായും അവൻ വളരെയധികം കനിഞ്ഞു മടങ്ങുന്നവനാകുന്നു.(110:1-4)നിവേദകൻ പറയുന്നു:അതിനുശേഷം എന്റെ കണ്ണുകൾ തുറന്നു. ഇത് സുദീർമായൊരു സ്വപ്നമായിരുന്നു.'

അപ്പോൾ ഹദ്റത്ത് അബൂബക്ർ(റ) പറഞ്ഞു: 'ഈ സ്വപ്നം കണ്ട നിന്റെ കണ്ണുകൾക്ക് കുളിർമ ഉണ്ടാകുമാറാകട്ടെ. നല്ലൊരു സ്വപ്നമാണ് നീ കണ്ടിരിക്കുന്നത്. നല്ലത് സംഭവിക്കുന്നതാണ്. ഇൻശാ അല്ലാഹ്. ഹദ്റത്ത് അബൂബക്ർ(റ) പറഞ്ഞു: 'നിങ്ങൾ വിജയത്തെ കുറിച്ചുള്ള സുവാർത്തയും എന്റെ മരണത്തെ കുറിച്ചുള്ള വിവരവും ഈ സ്വപ്നം മുഖേന നല്കിയിരിക്കുകയാണ്. ഇത്രയും പറഞ്ഞപ്പോൾ ഹദ്റത്ത് അബൂബക്ർ(റ)ന്റെ കണ്ണുകൾ ഈറനണിഞ്ഞു. അദ്ദേഹം പറഞ്ഞു: കൽപ്രദേശങ്ങളിലൂടെ സഞ്ചരിച്ചുകൊണ്ട് കുന്നിൻപ്രദേശത്തെത്തുകയും അവിടെനിന്ന് താഴെ ജനങ്ങളെ നോക്കുകയും ചെയ്യുന്നതിന്റെ അർഥമെന്തെന്നാൽ നമുക്ക് സൈന്യത്തിന്റെ കാര്യത്തിൽ ബുദ്ധിമുട്ടുകൾ നേരിടേണ്ടിവരും. ഈ സൈന്യങ്ങൾക്കും പ്രയാസങ്ങൾ അനുഭവിക്കേണ്ടിവരും. അതിനുശേഷം നമുക്ക് വിജയവും ശക്തിയും ലഭിക്കുന്നതാണ്. കുന്നിൻ മുകളിൽനിന്നിറങ്ങി വളക്കൂറുള്ള മണ്ണിൽ പോയതിന്റെ വ്യാഖ്യാനം ഇപ്രകാരമാകുന്നു: അതിൽ വിളഞ്ഞുനില്ക്കുന്ന കതിരുകളും അരുവികളും വാസസ്ഥലങ്ങളും കോട്ടകളുമുണ്ടായിരുന്നു. അതാ

യത് നമുക്ക് ആദ്യത്തേക്കാൾ എളുപ്പം ഉണ്ടാകുന്നതാണ്. അതിൽ സന്തോഷവും സമൃദ്ധിയുമുണ്ടാകും. നമുക്ക് ആദ്യത്തേതിലുമധികം വളക്കൂറുള്ള മണ്ണ് ലഭിക്കുന്നതാണ്. ഞാൻ മുസ്‌ലിമീങ്ങൾക്ക് യുദ്ധം ചെയ്യാൻ കല്പന നല്കുകയും വിജയവും സമരാർജിത സ്വത്തുക്കൾ ഉറപ്പുനല്കുകയും ചെയ്തതിന്റെ വിവക്ഷിതം ഞാൻ മുസ്‌ലിമീങ്ങളെ മുശ്‌രിക്കീങ്ങളുടെ രാജ്യങ്ങളിൽ അയക്കുമെന്നും അവരെ ജിഹാദിന് പ്രേരിപ്പിക്കുമെന്നുമാണ്. നീ പതാകയുമേന്തി അതിലൊരു ഗ്രാമപ്രദേശത്ത് പോകുകയും അതിൽ പ്രവേശിക്കുകയും അവിടെയുള്ള ജനങ്ങൾ നിന്നോടു അഭയം ചോദിക്കുകയും നീ അഭയം നല്കുകയും ചെയ്തതിന്റെ അർഥം ഇപ്രകാരമാകുന്നു. നീ ആ പ്രദേശത്തിന്റെ വിജയശില്പികളിൽ ഒരാളായിരിക്കും. അല്ലാഹു നിന്റെ കൈകളാൽ വിജയം നല്കുന്നതാണ്. അല്ലാഹു നമുക്കുവേണ്ടി വിജയിച്ചടക്കിയ കോട്ട കൊണ്ടുള്ള വിവക്ഷിതം അല്ലാഹു ആ പ്രദേശത്തെ എനിക്കുവേണ്ടി വിജയിപ്പിക്കുന്നതാണ്. ഞാനൊരു സിംഹാസനത്തിൽ ഇരുന്നതായി നീ കണ്ടതിന്റെ വ്യാഖ്യാനം അല്ലാഹു എനിക്ക് അന്തസ്സും ഉയർച്ചയും നല്കുമെന്നും മുശ്‌രിക്കീങ്ങളെ നിന്ദ്യരാക്കുമെന്നുമാണ്. എന്നോടു സൽകർമങ്ങൾ ചെയ്യാനും അല്ലാഹുവിനെ അനുസരിക്കാനും കൽപിക്കുകയും എന്റെ മുന്നിൽ സൂറത്തുന്നസ്ർ ഓതുകയും ചെയ്ത വ്യക്തി എന്റെ മരണത്തെ കുറിച്ചുള്ള വിവരമാണ് നല്കുന്നത്. ഇതേ സൂറത്ത് നബി(സ)തിരുമേനിക്ക് അവതരിച്ചപ്പോൾ ഈ സൂറത്ത് തന്റെ മരണത്തെ കുറിച്ച് അറിയിപ്പുനല്കുകയാണെന്ന് നബി(സ)തിരുമേനിക്ക് ബോധ്യമായി.*(അൽഇക്തിഫാ, വാള്യം 2, ഭാഗം 1, പേജ് 109-110, ആലമുൽകുതുബ് ബെയ്റൂത്ത് 1997)(താരീഖുദിമശ്ഖുൽകബീർ, വാള്യം 1, ഭാഗം 2, പേജ് 44, ദിക്റു ഇഹ്തിമാം അബൂബക്ർ.....) (മർദാനെ അറബ് ഭാഗം 1, അല്ലാമ അബ്ദുസ്സത്താർ ഹമദാനീ, പേജ് 108-109, പ്രസാധനം 2013)*

ആ സ്വപ്നത്തിന് ഹദ്റത്ത് അബൂബക്ർ(റ) ഇങ്ങനെയാണ് വ്യാഖ്യാനം നല്കിയത്.

എന്തായാലും ഹദ്റത്ത് അബൂബക്ർ(റ) ശാമിനെ ജയിച്ചടക്കാൻ സൈന്യത്തെ തയ്യാറാക്കുന്നതിന് ആഗ്രഹിച്ചപ്പോൾ അദ്ദേഹം കൂടിയാലോചന നടത്തുന്നതിന് ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് ഉഥ്മാൻ(റ), ഹദ്റത്ത് അലി(റ), ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ), ഹദ്റത്ത് ത്വൽഹ(റ), ഹദ്റത്ത് സുബയ്ർ(റ), ഹദ്റത്ത് സഅ്ദുബ്നു അബീവഖാസ്(റ), ഹദ്റത്ത് ഉബയ്ദാ ബിൻ ജർറാഹ്(റ), ബദ്ർ യുദ്ധത്തിൽ പങ്കെടുത്ത മുഹജിറുകളിലേയും അൻസ്വാറിലേയും പ്രമുഖ സ്വഹാബാക്കൾ എന്നവരേയും മറ്റു ചില സ്വഹാബാക്കളേയും വിളിച്ചുവരുത്തി. അങ്ങനെ ഈ സ്വഹാബാക്കളെത്തിയപ്പോൾ ഇദ്ദേഹം പറഞ്ഞു:'കർമങ്ങൾകൊണ്ട് പകരം നല്കാൻ സാധ്യമല്ലാത്ത നിരവധി അനുഗ്രഹങ്ങളുണ്ട്. അവൻ നിങ്ങളോടു ഔദാര്യം ചെയ്യുകയും നിങ്ങളെ ഒരു വചനത്തിൽ ഒരുമിച്ചുകൂട്ടുകയും നിങ്ങൾക്കിടയിൽ രഞ്ജിപ്പുണ്ടാക്കുകയും നിങ്ങളെ ഇസ്‌ലാമിലേക്ക് നയിക്കുകയും ശയ്ത്വാനിൽനിന്നകറ്റുകയും ചെയ്തതിൽ അവനെ ഒരുപാട് സ്തുതിക്കുക.

ഇപ്പോൾ ശയ്ത്വാന് നിങ്ങളെ ശിർക്കിൽ അകപ്പെടുത്താമെന്നും അല്ലാഹുവിനെ കൂടാതെ മറ്റാരെയെങ്കിലും ആരാധ്യനാക്കിക്കാമെന്നുമുള്ള കാര്യത്തിൽ പ്രതീക്ഷയൊന്നുമില്ല. ഇന്ന് അറബികൾ ഒരു സമൂഹമാണ്. അവർ ഒരേ മാതാപിതാക്കളുടെ മക്കളാകുന്നു. എന്റെ അഭിപ്രായത്തിൽ ഞാൻ അവരെ റോമക്കാർക്കെതിരിൽ യുദ്ധത്തിനയക്കുകയാണ്. അതിൽ കൊല്ലപ്പെടുന്നവർ ശഹീദാകും. അല്ലാഹു സൽകർമകാരികൾക്ക് ഏറ്റവും നല്ല പ്രതിഫലം ഒരുക്കിവെച്ചിട്ടുണ്ട്. അതിൽ ജീവനോടെ ശേഷിക്കുന്നവർ ഇസ്‌ലാംദീനിനെ ചെറുക്കുന്നവരെ പ്രതിരോധിച്ചുകൊണ്ട് ജീവിക്കുന്നതാണ്. അല്ലാഹുവിൽനിന്ന് ജിഹാദു ചെയ്യുന്നവർക്കുള്ള പ്രതിഫലത്തിന്നർഹരായിത്തീരുന്നതാണ്. ഇതാണ് എന്റെ അഭിപ്രായം. ഇന്ന് നിങ്ങളിൽനിന്ന് ഓരോരുത്തരും തങ്ങളുടെ വീക്ഷണത്തിനനുസരിച്ച് അഭിപ്രായം പറയുക. അങ്ങനെ ഹദ്റത്ത് അബൂബക്ർ(റ) അവരോടു അഭിപ്രായം ആരാഞ്ഞു.

ഹദ്റത്ത് ഉമറുബ്നു ഖത്ത്വാബ് എഴുന്നേറ്റു പറഞ്ഞു: 'തന്റെ ദൃഷ്ടിയിൽ താനിച്ഛിക്കുന്നവരിൽ അനുഗ്രഹങ്ങൾ ചൊരിയുന്ന അല്ലാഹുവിനാകുന്നു സകല സ്തുതിയും!

അല്ലാഹുവാണ! ഞങ്ങൾ ഏതൊരു കാര്യത്തിലും അങ്ങയെ കവച്ചുവെക്കാനാഗ്രഹിച്ചപ്പോഴെല്ലാം അങ്ങ് ഞങ്ങളെക്കാളും മുൻപന്തിയിലായിരുന്നു. താനിച്ഛിക്കുന്നവരെ അനുഗ്രഹിക്കുക എന്നത് അല്ലാഹുവിന്റെ പ്രത്യേക കാരുണ്യവും ഔദാര്യവുമാകുന്നു.

അല്ലാഹുവാണ! അങ്ങ് വിവരിച്ച ഇതേ കാര്യത്തിനുവേണ്ടി അങ്ങുമായി കൂടിക്കാഴ്ച നടത്തണമെന്ന് ഞാനാഗ്രഹിച്ചിരുന്നു. പക്ഷേ, ദൈവേച്ഛ പ്രകാരം എനിക്കതിന് കഴിഞ്ഞില്ല. അങ്ങ് അതേ കുറിച്ച് പറയുകയുണ്ടായി. തീർച്ചയായും അങ്ങയുടെ വീക്ഷണം ശരിയായതാണ്. അല്ലാഹു അങ്ങയ്ക്ക് ശരിയായ മാർഗത്തെ കുറിച്ച് അറിവ് നല്കിയിരിക്കുന്നു.

പിന്നീട് ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ), ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫാൻ(റ),ഹദ്റത്ത് ത്വൽഹ(റ), ഹദ്റത്ത് സുബയ്ർ(റ), ഹദ്റത്ത് സഅ്ദ്(റ), ഹദ്റത്ത് അബൂ ഉബയ്ദ(റ), ഹദ്റത്ത് സയീദ് ബിൻ സയ്ദ്(റ), ഹദ്റത്ത് അലി(റ) മജ്‌ലിസിൽ സന്നിഹിതരായിരുന്ന മറ്റെല്ലാ മുഹാജിരീങ്ങളും അൻസ്വാറും അവിടത്തെ അഭിപ്രായത്തെ പിന്തുണച്ചുകൊണ്ട് പറഞ്ഞു: 'ഞങ്ങൾ അങ്ങ് പറയുന്ന കാര്യങ്ങളും കേൾക്കുകയും അങ്ങയെ അനുസരിക്കുകയും ചെയ്യുന്നതായിരിക്കും. ഞങ്ങൾ അങ്ങയുടെ കല്പന ലംഘിക്കുകയില്ല. അങ്ങയുടെ ആഹ്വാനത്തിന് ലബ്ബയ്ക്ക് പറയുന്നതായിരിക്കും. പിന്നീട് ഹദ്റത്ത് അബൂബക്ർ(റ) ജനങ്ങളെ സംബോധന ചെയ്യുന്നതിന് വീണ്ടും എഴുന്നേറ്റുനിന്നു. അദ്ദേഹം അല്ലാഹുവിനെ പുകഴ്ത്തുകയും സ്തുതിക്കുകയും ചെയ്തു; അതിന്നവൻ അർഹനാണ്. നബി(സ)തിരുമേനിയുടെമേൽ സ്വലാത്തും സലാമും ചൊല്ലി. എന്നിട്ട് പറഞ്ഞു:അല്ലയോ ജനങ്ങളേ! അല്ലാഹു നിങ്ങൾക്ക് ഇസ്‌ലാം എന്ന നിഅ്മത്ത് നല്കി നിങ്ങളുടെമേൽ വലിയ ഔദാര്യമാണ് ചെയ്തിട്ടുള്ളതെന്നതിൽ ഒരു സംശയവുമില്ല. നിങ്ങളെ ജിഹാദു മുഖേന ആദരണീയരാക്കി. ഇസ്‌ലാംമതം മുഖേന മറ്റുള്ള ദീനിനുമേൽ ശ്രേഷ്ഠത നല്കി. അതുകൊണ്ട് അല്ലാഹുവിന്റെ ദാസരേ! ശാംദേശത്ത് റോമക്കാരോടു യുദ്ധം ചെയ്യാൻ തയ്യാറാകുവിൻ! ഇപ്പോൾ ഞാൻ നിങ്ങളുടെ അമീറുമാരെ നിശ്ചയിക്കാൻ പോകുകയാണ്. അവരെ നിങ്ങളുടെ കമാൻഡർമാരാക്കാൻ പോകുകയാണ്.

നിങ്ങൾ നിങ്ങളുടെ റബ്ബിനെ അനുസരിക്കണം. നിങ്ങളുടെ അമീർമാരെ ധിക്കരിക്കരുത്. നിങ്ങളുടെ നിയ്യത്ത് ദൈവപ്രീതിക്കായി ശുദ്ധമാക്കിവെക്കണം. സ്വഭാവവും ജീവിതവും ഏറ്റവും ഉന്നതമാക്കിത്തീർക്കണം. തിന്നുകയും കുടിക്കുകയും ചെയ്യുക എന്നത് ശരിയായിട്ട് വെക്കണം. അല്ലാഹു സൂക്ഷ്മത പാലിക്കുന്നവരുടേയും ഔദാര്യം ചെയ്യുന്നവരുടേയും കൂടെയാകുന്നു.

ഹദ്റത്ത് അബൂബക്ർ(റ) ഹദ്റത്ത് ബിലാലിനോടു കല്പിച്ചപ്പോൾ അദ്ദേഹം ജനങ്ങളിൽ വിളംബരം ചെയ്തു: അല്ലയോ ജനങ്ങളേ! നിങ്ങളുടെ റോമക്കാരായ ശത്രുക്കളോടു യുദ്ധം ചെയ്യുന്നതിന് ശാംദേശത്തേക്ക് പുറപ്പെടുക. മുസ്‌ലിമീങ്ങളുടെ അമീർ ഹദ്റത്ത് ഖാലിദ് ബിൻ വലീദായിരിക്കും. *(അൽഇക്തിഫാ, വാള്യം 2, ഭാഗം 1, പേജ് 110-114, ആലമുൽകുതുബ് ബെയ്റൂത്ത് 1997)*

ശാം ദേശത്തെ വിജയങ്ങളുടെ പരമ്പരയിൽ ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ) ഏറ്റവുമാദ്യം ഹദ്റത്ത് ഖാലിദ് ബിൻ സയീദിനെ അയച്ചു. പറയുന്നു: അങ്ങനെ ഒരു നിവേദനമനുസരിച്ച് ഹദ്റത്ത് അബൂബക്ർ(റ) ഹജ്ജ് ചെയ്തു തിരിച്ച് മദീനയിൽ ആഗതനായി. പതിമൂന്ന് ഹിജ്റയിൽ അവിടന്ന് ഹദ്റത്ത് ഖാലിദ് ബിൻ സയീദിനെ ഒരു സൈന്യത്തോടൊപ്പം ശാമിലേക്ക് യാത്രയാക്കി. എന്നാൽ, ചിലർ പറയുന്നത് ഹദ്റത്ത് അബൂബക്ർ(റ), ഖാലിദ് ബിൻ വലീദിനെ ഇറാഖിലേക്ക് യാത്രയാക്കിയപ്പോഴാണ് ഹദ്റത്ത് ഖാലിദ് ബിൻ സയീദിനെ ശാമിലേക്ക് യാത്ര അയച്ചിരുന്നതെന്നാണ്. അതുകൊണ്ട് ഏറ്റവുമാദ്യം ശാമിലെ വിജയത്തിന് പതാക പറത്തിയത് ഹദ്റത്ത് ഖാലിദ് ബിൻ സയീദ് ആയിരുന്നു.

ഇതുകൂടാതെ ഒരു നിവേദനത്തിൽ നിന്ന് മനസ്സിലാകുന്നത് ഹദ്റത്ത് അബൂബക്ർ(റ), മതപരിത്യാഗികൾക്കെതിരിൽ പതിനൊന്ന് സൈന്യങ്ങൾ തയ്യാറാക്കി അയച്ചപ്പോൾ ആ സമയത്താണ് അവിടന്ന് ഹദ്റത്ത് ഖാലിദ് ബിൻ സയീദിനെ ശാമിന്റെ അതിർത്തികളുടെ സംരക്ഷണത്തിന് 'തയ്മാഅ്' പോകാനുള്ള ആജ്ഞ നൽകിക്കൊണ്ടു പറഞ്ഞു: 'എന്നിൽനിന്ന് മറ്റൊരു ആജ്ഞ വരുന്നതുവരെ തന്റെ സ്ഥാനത്തുനിന്ന് നീങ്ങരുത്. ചുറ്റുമുള്ള ആളുകളോടു ഞങ്ങളിലേക്ക് ചേരുവാൻ ക്ഷണി

ക്കുക. മുർത്തദ്ദാകാത്തവരെ മാത്രം നിയമിക്കുക. അതുപോലെ നിങ്ങളുമായി യുദ്ധത്തിന് വരുന്നവരോട് മാത്രം യുദ്ധം ചെയ്യുക. 'തയ്മാഅ്'ശാമിന്റേയും മദീനയുടേയും മധ്യത്തിൽ വരുന്ന ഒരു പ്രസിദ്ധ പട്ടണമാണ്.*(അൽകാമിൽ ഫിത്താരീഖ് വാല്യം 2,പേജ് 252, ദിക്റു ഫുത്തൂഹുശ്ശാം, ദാറുൽകുതുബുൽഇൽമിയ്യ, ബെയ്റൂത്ത് 2006)(താരീഖ് അത്ത്വബരീ, വാല്യം 2, പേജ് 332,ദാറുൽകുതുബുൽഇൽമിയ്യ, ബെയ്റൂത്ത് 2012) (ഫർഹങ്കെ സീറത്ത്, പേജ് 78, സവാർ അക്കാഡമി കറാച്ചി)*

ഹദ്റത്ത് അബൂബക്ർ(റ)റോമക്കാർക്കെതിരിൽ യുദ്ധത്തിന് മദീനവാസികളെ കൂടാതെ മറ്റു പ്രദേശങ്ങളിലെ മുസ്ലിമീങ്ങളേയും തയ്യാറാക്കാൻ തുടങ്ങി. അവരെ ജിഹാദിൽ പങ്കുചേരാൻ ഉദ്ബോധിപ്പിച്ചു. അതിന് അവിടന്ന് യമൻവാസികൾക്ക് ഒരു കത്തയച്ചു. അതിന്റെ ഉള്ളടക്കം ഇതായിരുന്നു. അല്ലാഹുവിന്റെ റസൂലിന്റെ ഖലീഫയിൽനിന്ന്! യമൻവാസികളിലെ സത്യവിശ്വാസികൾക്കും മുസ്ലിമീങ്ങൾക്കും എല്ലാ വ്യക്തികൾക്കുമായി; ഇത് വായിക്കപ്പെടുന്നവരിൽ ശാന്തിയുണ്ടാകുമാറാകട്ടെ. ഞാൻ നിങ്ങളുടെ മുന്നിൽ അല്ലാഹുവിനെ സ്തുതിക്കുകയാണ്. അവനല്ലാതെ ആരാധ്യനില്ല. അല്ലാഹു മുസ്ലിമീങ്ങളിൽ ജിഹാദ് നിർബന്ധമാക്കിയിരിക്കുന്നു. അവരോട് ആജ്ഞാപിക്കപ്പെട്ടിരിക്കുന്നത് അവർ അതിന് കുറച്ച് തയ്യാറായി അല്ലെങ്കിൽ മുഴുവൻ സജ്ജരായി പുറപ്പെടട്ടെ എന്നാണ്. അല്ലാഹു പറയുന്നു: **വ ജാഹിദൂ ബിഅംവാലിക്കും വഅൻഫുസിക്കും ഫീസബീലില്ലാഹി.** അല്ലാഹുവിന്റെ മാർഗ്ഗത്തിൽ തന്റെ സമ്പത്തും തങ്ങളുടെ പ്രാണനുംകൊണ്ട് പോരാടുക. അതുകൊണ്ട് ജിഹാദ് അത്യാവശ്യ കടമയാണ്. അല്ലാഹുവിന്റെ പക്കൽ അതിന് മഹത്തായ പ്രതിഫലമുണ്ട്. അങ്ങനെ നാം മുസ്ലിമീങ്ങൾക്ക് ശാമിൽ റോമക്കാരോടു ജിഹാദിന് തയ്യാറാകാൻ ആജ്ഞാപിച്ചിരിക്കുകയാണ്. അവരുടെ ലക്ഷ്യം നല്ലതും സ്ഥാനം ഉന്നതവുമാണ്. അതുകൊണ്ട് അല്ലാഹുവിന്റെ ദാസരേ! അവന്റെ റബ്ബിന്റെ കടമ, അവന്റെ നബിയുടെ സുന്നത്ത്, പിന്നെ ശഹാദത്ത് വിജയവും യുദ്ധമുതലും എന്നീ രണ്ടിൽ ഒരു നന്മയിലേക്ക് ത്വരിതപ്പെടുക. അല്ലാഹു തന്റെ ദാസന്റെ പ്രവർത്തികളല്ലാത്ത വാക്കുകളാൽ തൃപ്തനാകുന്നില്ല. അതുപോലെ അവന്റെ ശത്രുക്കളോട് പോരാടുന്നത് ഉപേക്ഷിക്കുന്നതിനോട് സംതൃപ്തനല്ല. ഏതുവരെയെന്നാൽ അവർ സത്യം സ്വീകരിച്ച് വിശുദ്ധഖുർആന്റെ ആജ്ഞകൾ അംഗീകരിക്കുമാറാകട്ടെ. അംഗീകരിക്കുന്നില്ലയോ അല്ലാഹു നിങ്ങളുടെ ദീനിനെ സംരക്ഷിക്കുമാറാകട്ടെ. നിങ്ങളുടെ ഹൃദയങ്ങൾക്ക് നേർമാർഗ്ഗം നൽകുമാറാകട്ടെ. നിങ്ങളുടെ കർമ്മങ്ങളെ ശുദ്ധീകരിക്കുമാറാകട്ടെ. നിങ്ങൾക്ക് ക്ഷമയുള്ള മുജാഹിദീങ്ങൾക്കുള്ളതുപോലെ പ്രതിഫലം ലഭിക്കുമാറാകട്ടെ.'

ഹദ്റത്ത് അബൂബക്ർ(റ) ഈ കത്ത് ഹദ്റത്ത് അനസ് ബിൻ മാലിക്കിന്റെ കൈവശം അയച്ചു. ഹദ്റത്ത് അനസ്(റ) പറയുന്നു: 'ഞാൻ യമനിലെത്തി. പിന്നീട് ഓരോരോ മഹല്ലിൽനിന്നും ഓരോരോ ഗോത്രങ്ങളിൽനിന്നും ആരംഭിച്ചു. ഞാൻ അവർക്ക് മുമ്പിൽ ഹദ്റത്ത് അബൂബക്റിന്റെ കത്ത് വായിക്കുമായിരുന്നു. കത്ത് വായിച്ച് വിരമിച്ചാൽ പറയുമായിരുന്നു, സകല സ്തുതികളും അല്ലാഹുവിനാകുന്നു. അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് അല്ലാഹുവിന്റെ റസൂലാണ്. ഞാൻ അല്ലാഹുവിന്റെ റസൂലിന്റെ ഖലീഫയുടെയും മുസ്ലിമീങ്ങളുടെയും സന്ദേശവാഹകനാണ്. ശ്രദ്ധിച്ചുകേൾക്കുക. ഞാൻ മുസ്ലിമീങ്ങളെ അവർ ഒരു സൈന്യത്തിന്റെ രൂപത്തിൽ ഒന്നിച്ച അവസ്ഥയിലാണ് വിട്ടത്. അവരെ അവരുടെ ശത്രുവിലേക്കുള്ള യാത്ര തടഞ്ഞിരിക്കുന്നത് നിങ്ങളുടെ മദീന വരവിനുള്ള കാത്തിരിപ്പ് മാത്രമാണ്. അതുകൊണ്ട് നിങ്ങൾ പെട്ടെന്ന് തങ്ങളുടെ സഹോദരരിലേക്ക് പുറപ്പെടുക. അല്ലയോ മുസ്ലിമീങ്ങളേ! അല്ലാഹു നിങ്ങളിൽ കരുണ ചൊരിയുമാറാകട്ടെ. *(അൽ ഇക്തിഫാ..വാല്യം 2, ഭാഗം 1, പേജ് 115-116, ആലമുൽകുതുബ് 1997)*

ഹദ്റത്ത് അനസ് തിരിച്ച് മദീനയിലെത്തി. ഹദ്റത്ത് അബൂബക്റിനെ ജനങ്ങളുടെ വരവിനെ കുറിച്ച് സന്തോഷവാർത്ത കേൾപ്പിച്ചുകൊണ്ട് പറഞ്ഞു: യമനിലെ ധൈര്യശാലികൾ വീരന്മാർ, ബലവാന്മാർ, പാറിപ്പറക്കുന്ന മുടിയും പൊടിപടലങ്ങൾ നിറഞ്ഞവരും താങ്കളുടെ അടുത്ത് എത്താൻപോകുന്നു. അവർ തങ്ങളുടെ സ്വത്തും സാമഗ്രികളും ഭാര്യാമക്കളോടുമൊപ്പം പുറപ്പെട്ടിരിക്കുന്നു. *(സയ്യിദുനാ അബൂബക്ർ സിദ്ദീഖ് ശഖ്സിയ്യത്ത് ഔർ കാർണാമെ, സ്വലാബി, മുത്തർജിം പേജ് 439, അൽഫുർഖാൻ ട്രസ്റ്റ് ഖാൻഗഢ് പാക്കിസ്താൻ)*

മറുവശത്ത് ഹദ്റത്ത് ഖാലിദ് ബിൻ സയീദ് 'തയ്മാഅ്'ലെത്തി അവിടെ നിലയുറപ്പിച്ചു. അങ്ങനെ ചുറ്റുപാടുമുള്ള ധാരാളം സംഘങ്ങൾ അവരിൽ വന്നുചേർന്നിരുന്നു. റോമക്കാർക്ക് മുസ്ലിമീങ്ങളുടെ ഈ മഹത്തായ സൈന്യത്തിന്റെ വിവരം ലഭിച്ചപ്പോൾ അവർ തങ്ങളുടെ സ്വാധീനമുള്ള അറബികളോട് ശാമിലെ യുദ്ധത്തിന് സൈന്യം ആവശ്യപ്പെട്ടു.

ഹദ്റത്ത് ഖാലിദ് ബിൻ വലീദ്(റ), ഹദ്റത്ത് അബൂബക്റിനെ റോമക്കാരുടെ ഈ എല്ലാ വിവരങ്ങളും എഴുതി അറിയിച്ചു. ഹദ്റത്ത് അബൂബക്ർ(റ) മറുപടി എഴുതി: 'നിങ്ങൾ മുൻകടക്കുക. ഒരിക്കലും ഭയപ്പെടരുത്. അല്ലാഹുവിനോട് സഹായം തേടുക.' ഹദ്റത്ത് ഖാലിദ് ബിൻ സയീദ് റോമക്കാരിലേക്ക് മുന്നേറി. എന്നാൽ, ഇവർ അവരുടെ അടുത്തെത്തിയപ്പോൾ അവർ അങ്ങോട്ടുമിങ്ങോട്ടും ചിന്നിച്ചിതറുകയും അവർ തങ്ങളുടെ സ്ഥലം ഉപേക്ഷിക്കുകയും ചെയ്തു. ഹദ്റത്ത് ഖാലിദ് ബിൻ സയീദ്(റ) ആ സ്ഥലം കൈയടക്കി. തങ്ങളുടെ അടുത്ത് കൂടിയിരുന്ന അതിലെ ഭൂരിഭാഗമാളുകളും മുസ്ലിമീങ്ങളായി. ഹദ്റത്ത് ഖാലിദ് ബിൻ സയീദ്, ഹദ്റത്ത് അബൂബക്റിന് ഈ വിവരം നൽകി. ഹദ്റത്ത് അബൂബക്ർ(റ) എഴുതി: നിങ്ങൾ മുന്നേറുക. എന്നാൽ, പിന്നിൽനിന്ന് ശത്രുക്കൾക്ക് ആക്രമിക്കാനുള്ള അവസരം കിട്ടും വിധം നിങ്ങൾ മുന്നോട്ടുപോകരുത്.' അങ്ങനെ ഹദ്റത്ത് ഖാലിദ് ബിൻ സയീദ് അവരേയുംകൂട്ടി നടന്നുനീങ്ങി. ഒരിടത്ത് സ്ഥാനമുറപ്പിച്ചു. അവിടെ അവരുടെ മുന്നിൽ റോമക്കാരനായ പാതിരി ബാഹാൻ വന്നു. ഹദ്റത്ത് ഖാലിദ് ബിൻ സയീദ് അയാളെ തോൽപ്പിച്ച് അയാളുടെ സൈന്യത്തിലെ ധാരാളംപേരെ വധിച്ചു. ബാഹാൻ ഓടി ഡമാസ്കസിൽപോയി അഭയംപ്രാപിച്ചു. ഹദ്റത്ത് ഖാലിദ് ബിൻ സയീദ് ഇതിനെക്കുറിച്ച് ഹദ്റത്ത് അബൂബക്റിന് സന്ദേശം നൽകിക്കൊണ്ട് കൂടുതൽ സഹായം അഭ്യർഥിച്ചു. ആ സമയത്ത് ഹദ്റത്ത് അബൂബക്റിനടുത്ത്, യമനിൽനിന്ന് ശാമിലെ ജിഹാദിന് ആരംഭത്തിൽ പുറപ്പെട്ടിരുന്ന ആളുകൾ സന്നിഹിതരായിരുന്നു. ഇതുകൂടാതെ മക്കയുടേയും യമനിന്റേയും ഇടയിലുള്ള ആളുകളുമുണ്ടായിരുന്നു. അവരിൽ ഹദ്റത്ത് ദുൽകലാഅ്ഉം(റ) ഉണ്ടായിരുന്നു. പ്രത്യേകിച്ച് ഹദ്റത്ത് ഇക്രിമയും മതപരിത്യാഗികൾക്കെതിരിൽ യുദ്ധത്തിൽ വിജയംവരിച്ച് ഹദ്റത്ത് അബൂബക്റിനടുത്ത് തിരിച്ചെത്തിയിരുന്നു. അവരുടെയടുത്ത് ചില പ്രദേശങ്ങളിലെ കുറച്ചാളുകളും കൂടിയുണ്ടായിരുന്നു. ഇവരെല്ലാവരേയും കുറിച്ച് ഹദ്റത്ത് അബൂബക്ർ(റ), സ്വദഖാത്തുകളുടെ അമീർമാർക്ക് എഴുതി: 'ആരൊക്കെയാണോ മാറ്റം ആഗ്രഹിക്കുന്നത് അവരെ മാറ്റുക.' അപ്പോൾ എല്ലാവരും മാറാൻ ആഗ്രഹിച്ചു. അവരെയെല്ലാവരേയും മാറ്റി ഒരു പുതിയ സൈന്യം തയ്യാറാക്കി. അതുകൊണ്ട് ആ സൈന്യത്തിന്റെ പേര് 'ജയ്ശുൽ ബിദാൽ' എന്നായി. ഈ സൈന്യം ഹദ്റത്ത് ഖാലിദ് ബിൻ സയീദിന്റെ അടുത്തെത്തി. അതിനുശേഷവും ഹദ്റത്ത് അബൂബക്ർ(റ) ശാമിലെ യുദ്ധത്തിന് ആളുകളെ പ്രേരിപ്പിച്ചുകൊണ്ടിരുന്നു. ഹദ്റത്ത് വലീദ് ബിൻ ഉഖ്ബയോടു ഹദ്റത്ത് അബൂബക്ർ(റ) ഹദ്റത്ത് ഖാലിദ് ബിൻ സയീദിനടുത്ത് ശാമിലെത്താൻ നിർദ്ദേശിച്ചു. അദ്ദേഹം ഖാലിദ് ബിൻ സയ്ദിന്നടുത്തെത്തിയപ്പോൾ അവർ അദ്ദേഹത്തോട് പറഞ്ഞു, മദീനാവാസികൾ തങ്ങളുടെ സഹോദരന്മാരെ സഹായിക്കുവാൻ വെമ്പൽകൊള്ളുകയാണ്. ഹദ്റത്ത് അബൂബക്ർ(റ) സൈന്യങ്ങളെ അയക്കുവാനുള്ള ഏർപ്പാട് ചെയ്യുകയാണ്. ഇതുകേട്ട് ഹദ്റത്ത് ഖാലിദ് ബിൻ സയീദിന് സന്തോഷത്തിന് അതിരില്ലാതായി. അങ്ങനെ റോമക്കാരുടെമേലുള്ള വിജയം തന്റെ പേരിലാകണമെന്ന ചിന്തയോടെ ഹദ്റത്ത് വലീദ് ബിൻ ഉഖ്ബയെ കൂട്ടി റോമക്കാരുടെ വൻസൈന്യത്തിനുമേൽ ആക്രമണം നടത്താൻ തുനിഞ്ഞു. അവരുടെ സൈന്യാധിപൻ ബാഹാനായിരുന്നു.*(അൽകാമിൽ ഫിത്താരീഖ് വാല്യം 2, പേജ് 252-253, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത്)(അൽബിദായ വന്നിഹായ, വാല്യം 4, ഭാഗം 7, പേജ് 4, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)(താരീഖ് അത്ത്വബരി വാല്യം 2, പേജ് 332, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത് ലബ്നാൻ)(ഹദ്റത്ത് സയ്യിദുനാ അബൂബക്ർ സിദ്ദീഖ്, മുഹമ്മദു*

*ഹുസയ്ൻ ഹയ്ക്കിൽ, മുത്തർറജിം, പേജ് 340-341, ബുക് കോർണർ ഷോ റൂം ഝലം)*

അതായത് ഹദ്റത്ത് ഖാലിദ് ബിൻ സയീദ്(റ) റോമൻ സൈന്യത്തെ ആക്രമിച്ചപ്പോൾ, ശത്രു പിന്നിൽനിന്ന് ആക്രമിക്കുന്നതരത്തിൽ നിങ്ങൾ മുന്നോട്ടു പോകരുതെന്ന ഹദ്റത്ത് അബൂബക്റിന്റെ നിർദ്ദേശത്തെ അവഗണിച്ചു. ഏതായിരുന്നാലും അദ്ദേഹം തന്റെ പിന്നിലെ പ്രതിരോധത്തെ മറന്നു. പിന്നെ മറ്റ് അമീറുമാർ എത്തുന്നതിന് മുമ്പേ റോമക്കാരോട് യുദ്ധം ആരംഭിച്ചു. ബാഹാൻ തന്റെ കൂട്ടാളികളോടൊപ്പം അവരുടെ മുന്നിൽ നിന്ന് മാറി ഡമാസ്കസിന്റെ ഭാഗത്തേക്ക് പുറപ്പെട്ടു. ബാഹാനിന്റെ പിന്മാറ്റം ഒരു അടവായിരുന്നു. അവർ മുസ്‌ലിമീങ്ങളെ വളഞ്ഞ് പിന്നിൽനിന്ന് അവരെ ആക്രമിക്കാൻ ഉദ്ദേശിച്ചിരുന്നു. ഈ അപകടത്തെക്കുറിച്ച് ഹദ്റത്ത് അബൂബക്ർ(റ) അവരെ അറിയിച്ചിരുന്നതാണ്. എന്നാൽ, വിജയത്തിന്റെ ആവേശം ഹദ്റത്ത് ഖാലിദ് ബിൻ സയീദിനെ കാലത്തിന്റെ ഖലീഫയുടെ ഈ മുന്നറിയിപ്പ് മറപ്പിക്കുകയും അങ്ങനെ മുന്നേറാൻ പ്രേരിപ്പിക്കുകയും ചെയ്തു. ഹദ്റത്ത് ഖാലിദ് ബിൻ സയീദ് ശത്രുപാളയത്തിലേക്ക് മുന്നേറിക്കൊണ്ടിരുന്നു. ആ സമയത്ത് അവരോടൊപ്പം ഹദ്റത്ത് വലീദ് ബിൻ ഉഖ്ബയെ കൂടാതെ ഹദ്റത്ത് ദുൽഖിലാഉം ഹദ്റത്ത് ഇക്രിമയുമുണ്ടായിരുന്നു. അവിടെ ഹദ്റത്ത് ഖാലിദ് ബിൻ സയീദിനെ ബാഹാനിന്റെ സൈന്യപ്പോരാളികൾ ഒന്നിച്ച് വളഞ്ഞ് അവരുടെ വഴി തടഞ്ഞു. ഹദ്റത്ത് ഖാലിദ് ഇതറിഞ്ഞതേയില്ല. ഇതിനുശേഷം ബാഹാൻ മുന്നേറുമ്പോൾ ഒരിടത്ത് ഹദ്റത്ത് ഖാലിദിന്റെ മകൻ സയീദും കുറച്ചുപേരും വെള്ളം തിരഞ്ഞ് നടക്കുന്നതായി കണ്ടു. അവരെയെല്ലാവരേയും അയാൾ വധിച്ചു. ഹദ്റത്ത് ഖാലിദ് ബിൻ സയീദിന് അദ്ദേഹത്തിന്റെ മകനും കൂട്ടാളികളും വധിക്കപ്പെട്ടിരിക്കുന്നു, ശഹീദായിരിക്കുന്നുവെന്ന വിവരം ലഭിച്ചു. അപ്പോൾ സവാരികളുടെ ഒരു സൈന്യവ്യൂഹവുമായി അവിടെനിന്ന് ഓടിപ്പോയി. അവരോടു പോരാടാൻ നിൽക്കാതെ അവിടംവിട്ടുപോയി. അതിനുശേഷം ധാരാളം പേർ കുതിരകളിലും ഒട്ടകങ്ങളിലും സവാരിയായി തങ്ങളുടെ സൈന്യവുമായി വിട്ടകന്നു. ഖാലിദ് പരാജിതനായി 'ദുൽമർവഹ്'വരെ എത്തി. എന്നാൽ, ഹദ്റത്ത് ഇക്രിമ തന്റെ സ്ഥാനത്തുനിന്നു മാറിയില്ല. അദ്ദേഹം മുസ്‌ലിമീങ്ങളെ സഹായിച്ചുകൊണ്ടിരുന്നു. 'ദുൽമർവഹ്' മക്കയുടേയും മദീനയുടെയും ഇടക്ക് മദീനയിൽനിന്ന് ഏകദേശം 96 മൈൽ ദൂരെയുള്ള ഒരു സ്ഥലമാണ്. ഏതായിരുന്നാലും ഹദ്റത്ത് ഇക്രിമ ബാഹാനേയും അദ്ദേഹത്തിന്റെ സൈന്യത്തേയും ഹദ്റത്ത് ഖാലിദിനെ പിന്തുടരുന്നതിൽനിന്ന് തടഞ്ഞുനിറുത്തി. ഇതിനെക്കുറിച്ച് ഹദ്റത്ത് അബൂബക്റിന് വിവരം ലഭിച്ചപ്പോൾ അവിടന്ന് ഹദ്റത്ത് ഖാലിദിനോട് നീരസം പ്രകടിപ്പിച്ചുകൊണ്ട് മദീനയിൽ പ്രവേശിക്കുന്നതിന് അനുവാദം നൽകിയില്ല. എന്നാൽ, ശേഷം അദ്ദേഹത്തിന് മദീനയിൽ പ്രവേശിക്കുവാൻ അനുവാദം ലഭിച്ചപ്പോൾ അദ്ദേഹം ഹദ്റത്ത് അബൂബക്റിനോട് തന്റെ ഈ പ്രവൃത്തിയിൽ മാപ്പിന്നിരന്നു. *(താരീഖ് അത്ത്വബരി ഭാഗം 2, പേജ് 333-33, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്, ലബ്നാൻ 2012)(സയ്യിദുനാ അബൂബക്ർ സിദ്ദീഖ്, ഹയ്ക്കിൽ, മുത്തർറജിം, പേജ് 341)(ഫർഹങ്കെ സീറത്ത് പ്ജി 56, 269, സവാർഠോ അക്കാഡമി കറാച്ചി)*

ഹദ്റത്ത് ഖാലിദ് ബിൻ സയീദിന്റെ പരാജയമുണ്ടായിട്ടും ഹദ്റത്ത് അബൂബക്ർ സിദ്ദീഖിന്റെ ദൃഢനിശ്ചയത്തിലും ഉത്സാഹത്തിലും ഒരു മാറ്റവും വന്നില്ല. ഹദ്റത്ത് ഇക്രിമയും(റ) ഹദ്റത്ത് ദുൽഖലാഉം(റ) ഇസ്‌ലാമിക സൈന്യത്തെ റോമക്കാരുടെ വലയത്തിൽനിന്ന് രക്ഷിച്ച് തിരിച്ചു ശാം അതിർത്തിയിൽ എത്തിച്ചുവെന്ന വിവരം ലഭിക്കുകയും അവർ അവിടെ സഹായത്തിന് കാത്തുനിൽക്കുകയാണെന്ന് അറിയുകയും ചെയ്തപ്പോൾ ഹദ്റത്ത് അബൂബക്ർ(റ) ഒരു നിമിഷം പോലെ പാഴാക്കാതെ സഹായമെത്തിക്കാനുള്ള ഏർപ്പാടാരംഭിച്ചു. ഹദ്റത്ത് അബൂബക്ർ(റ) ഇതിന് നാല് വലിയ സൈന്യം തയ്യാറാക്കുകയും അവരെ ശാമിന്റെ വിവിധ ഭാഗങ്ങളിലേക്ക് യാത്രയാക്കുകയും ചെയ്തു. ഇതിന്റെ വിവരണം ഇങ്ങനെ ലഭിക്കുന്നു.

ആദ്യത്തെ സൈന്യം യസീദ് ബിൻ അബൂസുഫ്യാനിന്റേതായിരുന്നു. ഇദ്ദേഹം ഹദ്റത്ത് മുആവിയായുടെ സഹോദരനായിരുന്നു. അബൂ സുഫ്യാന്റെ കുടുംബത്തിൽ ഉന്നതരായ വ്യക്തികളുണ്ടായിരുന്നു. സഹായസേന എന്ന നിലയിൽ ശാമിലേക്കുപോയ ആദ്യ സൈന്യമാണിത്. ഹദ്റത്ത് അബൂബക്ർ(റ), ഹദ്റത്ത് യസീദ് ബിൻ അബൂസുഫ്യാനെ ഇതിന്റെ സേനാധിപനായി നിശ്ചയിച്ചു. ഡമാസ്കസിലെത്തി അതിനെ കീഴടക്കുകയും മറ്റു മൂന്ന് സൈന്യങ്ങൾക്ക് വേണ്ടവിധം സഹായമെത്തിക്കുകയുമായിരുന്നു ഇദ്ദേഹത്തിന്റെ ചുമതല. ഈ സൈന്യത്തിന്റെ എണ്ണം തുടക്കത്തിൽ മൂവായിരമായിരുന്നു. പിന്നീട് ഹദ്റത്ത് അബൂബക്ർ(റ)അതിന് വീണ്ടും സഹായമെത്തിച്ചതോടെ അതിന്റെ എണ്ണം ഏഴായിരമായി വർധിച്ചു. മക്കയിലെ സുഹയ്ൽ ബിൻ അംറിനെപോലുള്ള മഹാത്മാരായ വ്യക്തികളും ഹദ്റത്ത് യസീദ് ബിൻ അബൂസുഫ്യാനിന്റെ പ്രസ്തുത സൈന്യത്തിലുണ്ടായിരുന്നു. ജാഹ്‌ലിയ്യ കാലത്തെ ഖുറയ്ശി പ്രമാണികളിൽപെട്ട ബുദ്ധിമതിയായ നേതാവായിരുന്നു സുഹയ്ൽ ബിൻ അംറ്. ഹുദയ്ബിയ സന്ധി നടന്ന സമയത്ത് നബി(സ)തിരുമേനിയുമായി ഉടമ്പടിയുണ്ടാക്കിയപ്പോൾ മക്കയിലെ അവിശ്വാസികളുടെ പ്രതിനിധിയായി വന്നത് അദ്ദേഹമായിരുന്നു. മക്കാവിജയവേളയിൽ അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചു. *(സയ്യിദുനാ അബൂബക്ർ സിദ്ദീഖ്, ശഖ്സിയ്യത്ത് ഔർ കാർണാമെ, അലി മുഹമ്മദ് അസ്സ്വലാബീ മുത്തർറജിം, പേജ് 441, അൽഫുർഖാൻ ട്രസ്റ്റ് ഖാൻഗഢ് പാകിസ്താൻ)(താരീഖ് അത്ത്വബരി വാള്യം 2, പേജ് 333, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)(ഉസുദുൽഗാബ വാള്യം 2, പേജ് 585-586.ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)*

ഹദ്റത്ത് യസീദ് ബിൻ അബൂസുഫ്യാനുവേണ്ടി ഹദ്റത്ത് അബൂബക്ർ പതാക കെട്ടിയപ്പോൾ അദ്ദേഹം റബീഅ ബിൻ ആമിറിനെ വിളിപ്പിച്ച് അദ്ദേഹത്തിനുവേണ്ടിയും പതാക കെട്ടി. എന്നിട്ട് പറഞ്ഞു: 'നിങ്ങൾ യസീദ് ബിൻ അബൂസഫ്യാനോടൊപ്പം പോകുന്നതാണ്. അദ്ദേഹത്തെ ധിക്കരിക്കുകയോ എതിർക്കുകയോ ചെയ്യരുത്.' പിന്നീട് അദ്ദേഹം ഹദ്റത്ത് യസീദ് ബിൻ അബൂസുഫ്യാനോട് പറഞ്ഞു: 'സൈന്യത്തിന്റെ മേൽനോട്ടം റബീഅ ബിൻ ആമിറിനെ ഏൽപിക്കുന്നതാണ് നല്ലതെന്ന് നിങ്ങൾക്ക് തോന്നുന്നതെങ്കിൽ അപ്രകാരംതന്നെ ചെയ്തുകൊള്ളുക. അദ്ദേഹം അറേബ്യായിലെ ഒന്നാംതരം കുതിരപ്പടയാളിയും നിങ്ങളുടെ സമൂഹത്തിലെ സത്യസന്ധനായ വ്യക്തിയുമായാണ് കരുതപ്പെടുന്നത്. അദ്ദേഹം അല്ലാഹുവിന്റെ പരിശുദ്ധ ദാസനാണെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.' ഹദ്റത്ത് യസീദ് ബിൻ അബൂസുഫ്യാൻ പറഞ്ഞു: 'അങ്ങയ്ക്ക് അദ്ദേഹത്തോടുള്ള നല്ലവിചാരങ്ങളും അദ്ദേഹത്തെ സംബന്ധിച്ച് അങ്ങയുടെ പ്രതീക്ഷയും എന്റെ ഹൃദയത്തിൽ അദ്ദേഹത്തോടുള്ള സ്നേഹം കൂടുതൽ വർധിപ്പിച്ചിരിക്കുന്നു.' അങ്ങനെ ഹദ്റത്ത് അബൂബക്ർ അദ്ദേഹത്തോടൊപ്പം നടക്കാൻ തുടങ്ങിയപ്പോൾ ഹദ്റത്ത് യസീദ് ബിൻ അബൂസുഫ്യാൻ പ

ശേഷം പേജ് 7 ൽ

**• കലാമുൽ ഇമാം •**

**'ഇസ്തിഖാമത്ത് അഥവാ സ്ഥൈര്യം കൈവരിക്കാൻ സ്വലാത്ത് ഒരു ഉഗ്രമായ മാർഗമാണ്. ധാരാളമായി ചൊല്ലുക. ആചാരവും ശീലവുമെന്ന നിലയിലല്ല; പ്രത്യുത നബി(സ)തിരുമേനിയുടെ സൗന്ദര്യവും ഔദാര്യവും പരിഗണിച്ചുകൊണ്ട്. അവിടത്തെ പദവികളുടേയും നിലകളുടേയും അഭിവൃദ്ധിക്കുവേണ്ടി. അവിടത്തെ വിജയത്തിനുവേണ്ടി.'** *(മൽഫൂദാത്ത് വാള്യം 3, പേജ് 38)*

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

**• കലാമുൽ ഇമാം •**

**'ഏതു കാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതിജ്ഞവാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക.'**

*(സന്ദേശം, ജൽസാസാലാന ഡന്മാർക്ക് 2019)*

ത്വാലിബെ ദുആ:
P.Abdul Ameer
Sadr, Ahmadiyya Jama-ath Pathapiriyam, Kerala

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ ജർമൻ പര്യടനം (2015 മെയ്, ജൂൺ)

വിവർത്തനം: അമീൻ മുഹമ്മദ്, മാത്ര

(വാള്യം 7 ലക്കം 37 പേജ് 12 – ൽനിന്ന് തുടർച്ച)

ഈ പ്രദേശത്ത് 1977 - ൽ അഹ് മദികൾ വന്ന് താമസിക്കാൻ തുടങ്ങി. 1978 - ൽ ഔദ്യോഗിക മായി ജമാഅത്ത് സ്ഥാപിതമായി. ഇപ്പോൾ 200 ൽ അധികം അംഗങ്ങൾ ഈ ജമാഅത്തിലുണ്ട്. അഹ്മദീ വിദ്യാർഥികൾ വിവിധ യൂണിവേഴ്സിറ്റികളിൽ പഠിക്കുന്നു. ഇവിടുത്തെ ജമാഅത്ത് ഈദ് മിലൺ പാർട്ടികളും റിലീജ്യൺസ് ഫൗണ്ടേഷൻ ഡേയും വിശുദ്ധ ഖുർആൻ എക്സിബിഷനുകളും നടത്താറുണ്ട്. ജനുവരി ഒന്നാം തിയതി വഖാറെ അമൽ സംഘടിപ്പിച്ച് ശുചീകരണ പ്രവൃത്തികൾ ചെയ്യുന്നു. ചെടികൾ നടുന്നതിൽ പങ്കാളികളാകുന്നു.

ഇവിടെ മസ്ജിദ് നിർമിക്കുന്നതിനുമുമ്പേ പല പരിപാടികളും നടന്നിട്ടുണ്ട്. അയൽവാസികളുടെ ആശങ്കകൾ അകറ്റുകയുണ്ടായി. ചർച്ചിലും ഒരു വലിയ പരിപാടി നടന്നു. നമ്മുടെ ഇമാം ചർച്ചിൽ ജുമുആയും നമസ്കരിപ്പിച്ചു. ഇപ്പോൾ അവർക്ക് നമ്മൾ സമാധാനകാംക്ഷികളാണെന്നും മസ്ജിദ് അയൽവാസികളോടുളള കടമ നിറവേറ്റുമെന്നും ബോധ്യപ്പെട്ടു.

മസ്ജിദിന്റെ സ്ഥലത്തിന്റെ മൊത്തം ചുറ്റളവ് 2680 ചതുരശ്ര മീറ്ററാണ്. 2012 മാർച്ച് 22 നാണ് ഇതു വാങ്ങിയത്. ഇതു വാങ്ങുന്നതിൽ തദ്ദേശ അതോറിറ്റികൾ ഒരുപാട് സഹായിച്ചു. 2012 ജൂൺ 22 ന് ഹുദൂർ അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസാണ് ഇവിടെ മസ്ജിദിന് തറക്കല്ലിട്ടത്. നിർമാണം പൂർത്തിയായ മസ്ജിദിൽ 30, 40 ചതുരശ്ര മീറ്റർ വിസ്തീർണത്തിൽ വേറെ രണ്ടു ഹാളുകളുണ്ട്. ഒന്ന് പുരുഷന്മാർക്കും രണ്ടാമത്തേത് സ്ത്രീകൾക്കും.

മിനാരിന്റെ ഉയരം 14 മീറ്ററാണ്. മസ്ജിദ് ഗുമ്പതിന്റെ വ്യാസം 6 മീറ്ററാണ്.

ജർമനി അമീർ സാഹിബിന്റെ പ്രസംഗത്തിനുശേഷം ആഖൻ നഗരത്തിന്റെ ലോഡ് മേയർ മാർസലൽ ഫിലിപ്(MARCEL PHILLIP)തന്റെ പ്രസംഗം അവതരിപ്പിച്ചുകൊണ്ടു പറഞ്ഞു:

ഏറ്റവുമാദ്യം ഞാൻ ബഹുമാനപ്പെട്ട ഖലീഫത്തുൽ മസീഹിന് സ്വാഗതം പറയുകയാണ്. ഇന്ന് ഈ പരിപാടിയിൽ പങ്കെടുക്കുന്ന എല്ലാവർക്കും സലാം പറയുകയാണ്.

മേയർ പറഞ്ഞു:ഇന്നത്തെ ദിവസം ആഖൻ നഗരത്തിന് സന്തോഷത്തിന്റെ ദിവസമാണ്. കാരണം ഇവിടെ അല്ലാഹുവിന്റെ ഒരു പുതിയ ഭവനം നിർമിക്കപ്പെട്ടു. അതിന്റെ ഉദ്ഘാടനം ഇന്ന് നടക്കുകയാണ്. ഈ മസ്ജിദിന്റെ നിർമാണ നേരത്ത് ഇവിടുത്തെ വാസികൾ തടസ്സവുമുണ്ടാക്കുകയും പ്രയാസങ്ങളുണ്ടാകുകയും ചെയ്തില്ലെന്ന കാര്യത്തിൽ നമുക്ക് സന്തോഷവുമുണ്ട് അഭിമാനവുമുണ്ട്. പ്രത്യുത നഗത്തിൽ ഒരു ഐക്യം കാണാൻ കഴിഞ്ഞു.

അദ്ദേഹം പറഞ്ഞു:ആരാണോ കെട്ടിടമുണ്ടാക്കുന്നത്, അവർ അവിടെ താമസിക്കാനും ആഗ്രഹിക്കുന്നു. ഇന്ന് ഈ മസ്ജിദിന്റെ നിർമാണം കൊണ്ട് മനസ്സിലാക്കാൻ കഴിയുന്നത് ഇന്ന് ഈ സ്ഥലം നിങ്ങളുടെ നാടായിരിക്കുന്നുവെന്നാണ്; നിങ്ങൾ സ്ഥിരമായി ഇവിടെ താമസിക്കാനാഗ്രഹിക്കുന്നു. നിങ്ങൾ ഇന്ന് ഇവിടെ ഒരുപാടാളുകളെ ക്ഷണിച്ചതു പോലെ! ഇത് വ്യക്തമാക്കുന്നത് നിങ്ങൾ മറഞ്ഞും വേറിട്ടും ജീവിക്കാനാഗ്രഹിക്കുന്നില്ലെന്നാണ്. പ്രത്യുത എല്ലാവരോടും ഇടകലർന്ന് ജീവിക്കാനാഗ്രഹിക്കുന്നു. ഈ ചുറ്റുപാടിന്റേയും സമൂഹത്തിന്റേയും ഭാഗമാകാനാഗ്രഹിക്കുന്നു.

അദ്ദേഹം പറഞ്ഞു:നഗരത്തിന്റെ അന്തരീക്ഷം തകർക്കാനാഗ്രഹിക്കുന്ന ചിലരുണ്ട്. കുഴപ്പങ്ങളുണ്ടാക്കാൻ പരിശ്രമിക്കുന്നു. ഇവർക്ക് പുറമെ ഭീകരവാദികളുമുണ്ട്. പക്ഷേ. നമ്മൾ കൂടിച്ചേർന്ന് നമ്മുടെ സമാധാനം കെടുത്താതിരിക്കുക എന്നതാണ് നമുക്ക് വേണ്ടത്. ഈ മസ്ജിദിന്റെ ഉദ്ഘാടനം വ്യക്തമാക്കുന്നത് കുഴപ്പമുണ്ടാക്കുന്നവർ ഭൂരിപക്ഷമല്ലെന്നാണ്.

അവസാനം മേയർ സാഹിബ് നല്ല ആഗ്രഹങ്ങൾ പ്രകടിപ്പിച്ചു. പറഞ്ഞു:ഈ മസ്ജിദ് എപ്പോഴും സ്നേഹത്തോടും അനുരക്തിയോടുംകൂടി കൂടിക്കാഴ്ച നടക്കുന്ന സ്ഥലമായിരിക്കുന്നതാണ്. അല്ലാഹുവിന്റെ കൃപയും സമാധാനവും നമ്മളേവരുടേയുംമേൽ ഉണ്ടാവട്ടെ.

അതിനുശേഷം DR.STEPHANIE WALETZKL (അദ്ദേഹത്തിന്റെ ബന്ധം INTEGRATION മിനിസ്റ്ററിയുമായിട്ടാണ്) NORDRHEIN WESTFALENന്റെ ലേബർ മിനിസ്റ്ററും ആന്റിഗ്രേഷനുമായ HON. GUNTRAM SCHNEIDER ന്റെ സന്ദേശം വായിച്ചു കേൾപ്പിച്ചു.

ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു: 'മസ്ജിദ് മൻസ്വൂറിന്റെ ഉദ്ഘാടന വേളയിൽ എല്ലാ അഹ്മദികൾക്കും ആശംസകൾ നേരുകയും സലാം സമർപ്പിക്കുകയും ചെയ്യുകയാണ്. ഖലീഫത്തുൽ മസീഹ് ഇന്ന് നമ്മുടെ അടുത്ത് വന്നിരിക്കുന്നത് നമുക്ക് ആദരവിന് നിമിത്തമാണ്. ഖലീഫത്തുൽ മസീഹിന്റെ ആഗമനത്തോടെ ആഖൻ(AACHEN)നഗരത്തിന്റെ പ്രാധാന്യം വ്യക്തമാക്കപ്പെട്ടിരിക്കുന്നു. ഞാൻ എല്ലാ അതിഥികളേയും സ്വാഗതം ചെയ്യുന്നു.

ഒരു കാലം മുമ്പേ കോലോൺ മസ്ജിദിന്റെ ഉദ്ഘാടനം നടന്നിരുന്നു. അതിനു ശേഷം ജമാഅത്ത് നമ്മുടെ സംസ്ഥാനത്ത് ധാരാളം മസ്ജിദുകൾ നിർമിച്ചിട്ടുണ്ട്. ജമാഅത്ത് ഇവിടെ വളരെ അഭിവൃദ്ധിപ്പെടുകയും ചെയ്തു. അഹ്മദികൾ ഇവിടെ അങ്ങേയറ്റം കർമനിരതരായ പൗരന്മാരാണ്. വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നു. നിങ്ങൾ നിങ്ങളുടെ പരിപാടികൾ മുഖേന, പ്രദേശത്തു ചെയ്യുന്ന സേവനങ്ങൾ മുഖേന പരസ്പരം കൂടിക്കലർന്ന് ജീവിക്കണമെന്ന് മറ്റുളളവരോടു പറയാനാണ് ആഗ്രഹിക്കുന്നത്.

അദ്ദേഹം തന്റെ സന്ദേശത്തിൽ പറഞ്ഞു:നമ്മൾ പരസ്പരം അന്തസ്സോടും ബഹുമാനത്തോടും കൂടി പെരുമാറേണ്ടതാണ്. ഒരു കൂട്ടർ മറ്റൊരു കൂട്ടരിൽനിന്ന് നല്ല കാര്യങ്ങൾ പഠിക്കേണ്ടതാണ്.

മതത്തിന്റേയും നിരീശ്വരത്വത്തിന്റേയുമിടയിൽ അകൽച്ച ഉണ്ടാക്കാനാഗ്രഹിക്കുന്ന ധാരാളമാളുകളുണ്ട്. അവരുടെ ഇടയിൽ കുഴപ്പങ്ങളുണ്ടാക്കാനാഗ്രഹിക്കുന്നു. അതിന്നെതിരിൽ നമ്മൾ സംഘടിച്ച് അധ്വാനത്തോടെ പ്രവർത്തിക്കേണ്ടിവരും. അഹ്മദിയ്യാ ജമാഅത്ത് ഇതിൽ സുപ്രധനമായ പങ്കാണ് വഹിച്ചുകൊണ്ടിരിക്കുന്നത്.

അഹ്മദിയ്യാ ജമാഅത്തിന്റെ മുദ്രാവാക്യമാണ് **എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്** എന്നത്. ഇത് വ്യക്തമായ നിലയിൽ പ്രകടിപ്പിക്കുന്നത് അഹ് മദിയ്യാ മുസ്‌ലിം ജമാഅത്ത് സമാധാനം സ്ഥാപിക്കുന്നതിൽ വളരെ ശക്തി ചെലുത്തുന്നു എന്നാണ്. പരസ്പരമുളള ഐക്യവും സ്നേഹവും സാഹോദര്യവും ഉണ്ടാക്കാനാഗ്രഹിക്കുന്നുവെന്നാണ്. ഭീകരവാദത്തെ തടയാനാഗ്രഹിക്കുന്നുവെന്നാണ്.

അദ്ദേഹം അവസാനം പറഞ്ഞു:അഹ് മദി വളരെ വ്യക്തമായ നിലയിൽ INTEGRATE ആകുന്നു. നമ്മുടെ സമൂഹത്തിന്റെ ഭാഗമാകുന്നു. നിങ്ങളെല്ലാവരും നിങ്ങളുടെ മതത്തോടും പാരമ്പര്യത്തോടും കൂടി ജർമനിയുടേയും WESTFALEN സംസ്ഥാനത്തിന്റേയും ഭാഗമാണ്.

അതിനുശേഷം NORDRHEIN WESTFALEN സംസ്ഥാനത്തിന്റെ പാർലമെന്റംഗം KARL SCHULTHEIS തന്റെ പ്രസംഗം അവതരിപ്പിച്ചുകൊണ്ടു പറഞ്ഞു:ആദരണീയനായ ഖലീഫത്തുൽമസീഹിന് സ്വാഗതം ആശംസിക്കുന്നു. ഹുദൂർ അൻവറിന്റെ ആഖനിലെ ആഗമനം നമുക്ക് ബഹുമതിക്ക് നിമിത്തമാണ്.

അദ്ദേഹം ഒരു അഹ്മദി സ്നേഹിതനായ ത്വാരിഖ് അർശദിനെ സ്മരിച്ചുകൊണ്ടു പറഞ്ഞു:അദ്ദേഹത്തിന് ടൗൺഹാളിന്റെ അടുത്ത് പൂക്കടയാണ്. ത്വാരിഖ് സാഹിബ് എപ്പോഴും സൽപെരുമാറ്റവും സഹായിക്കുന്നയാളുമായി കാണാറുണ്ട്. എപ്പോഴും എല്ലാ പൗരന്മാരോടും എല്ലാ പാർലമെന്റംഗങ്ങളോടും നല്ല രീതിയിൽ പെരുമാറുന്നു. അദ്ദേഹം എപ്പോഴും അഹ്മദിയ്യത്ത് പ്രചരിപ്പിക്കുന്നു. ബന്ധങ്ങൾ നിലനിറുത്തുന്നു.

അദ്ദേഹം പറഞ്ഞു: അദ്ദേഹം കെട്ടിടമുണ്ടാക്കുന്നവൻ അതിൽ താമസിക്കാനും ആഗ്രഹിക്കുന്നു. ആരാണോ മസ്ജിദ് നിർമിക്കുന്നത് അവൻ തീർച്ചയായും അതിൽ താമസിക്കാൻ ആഗ്രഹിക്കുന്നു. അതുകൊണ്ട് ഇന്നത്തെ ദിവസം വളരെ സന്തോഷഭരിതമായ ദിവസമാണ്. എല്ലാവരുമായി കൂടിച്ചേർന്ന് ഈ സന്തോഷദിനം കൊണ്ടാടുകയാണ്. ഇതു മതസ്വാതന്ത്ര്യം കൂടാതെ സാധ്യമല്ല. എല്ലാ മനുഷ്യരുടേയും മൗലികാവകാശമാണ് ഇഷ്ടപ്പെട്ട

മതം വിശ്വസിക്കുക എന്നതും അതനുസരിച്ച് പ്രവർത്തിക്കുക എന്നതും.

അദ്ദേഹം പറഞ്ഞു: മസ്ജിദ് മൻസ്വൂർ നിർമിച്ചതോടെ അഹ്മദിയ്യാ ജമാഅത്തിനും അവർക്ക് അവകാശപ്പെട്ടത് കരസ്ഥമാകുകയാണ്.

അദ്ദേഹം പറഞ്ഞു: നമ്മൾ നമ്മുടെ മതത്തെ ആദരിക്കുന്നതുപോലെ മറ്റുള്ള മതങ്ങളേയും ആദരിക്കേണ്ടത് ആവശ്യമാണ്. ഇപ്രകാരം നമുക്ക് പരസ്പരം കൂടിച്ചേർന്ന് സ്നേഹത്തോടെ കഴിയാൻ സധിക്കും.

അവസാനം അദ്ദേഹം സന്തോഷം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: മസ്ജിദിന്റെ നിർമാണത്തോടൊപ്പം ആഖനിൽ(AACHEN)വളരെ നല്ല അയൽവാസിയെയാണ് നമുക്ക് കിട്ടിയിട്ടുള്ളത്. അല്ലാഹു ഇതെല്ലാം നമുക്ക് അനുഗൃഹീതമാക്കുമാറാകട്ടെ.(തുടരും)

പേജ് 5 ൽ നിന്ന്

റഞ്ഞു: 'അല്ലയോ, അല്ലാഹുവിന്റെ റസൂലിന്റെ ഖലീഫയായുള്ളോവെ! അങ്ങ് യാത്രാവാഹനത്തിൽ കയറിയാലും. അല്ലെങ്കിൽ അങ്ങയോടൊപ്പം നടക്കാൻ എന്നേയും അനുവദിച്ചാലും. എന്തെന്നാൽ അങ്ങ് നടന്നുകൊണ്ടിരിക്കെ യാത്രാവാഹനത്തിൽ സഞ്ചരിക്കാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല.' അപ്പോൾ ഹദ്റത്ത് അബൂബക്ർ(റ) പറഞ്ഞു: 'ഞാൻ യാത്രാവാഹനത്തിൽ കയറുകയില്ല. നിങ്ങൾ അതിൽനിന്ന് ഇറങ്ങുകയുമില്ല. ഞാൻ എന്റെ ഈ ചുവടുകൾ ദൈവമാർഗത്തിൽ ഉയരുന്നതായി മനസ്സിലാക്കുന്നു.'

പിന്നീട് അദ്ദേഹം ഹദ്റത്ത് യസീദ് ബിൻ അബൂസുഫ്യാനോട് വസിയ്യത്ത് ചെയ്തുകൊണ്ട് പറഞ്ഞു: 'അല്ലയോ യസീദേ, അല്ലാഹുവിനോട് ഭയഭക്തി പുലർത്തുകയും അവനെ അനുസരിക്കുകയും അവനുവേണ്ടി ത്യാഗം വരിക്കുകയും അവനെ ഭയപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യാൻ നിങ്ങളോട് വസിയ്യത്ത് ചെയ്യുന്നു. ശത്രുക്കളോട് പോരാടിയതിനുശേഷം അല്ലാഹു നിങ്ങൾക്ക് വിജയം നൽകിയാൽ നിങ്ങൾ വഞ്ചനകാണിക്കരുത്. ശത്രുക്കളുടെ മൃതശരീരങ്ങളെ വികൃതമാക്കരുത്. വാഗ്ദാനം ലംഘിക്കുകയോ ഭീരുത്വം കാണിക്കുകയോ ചെയ്യരുത്. ചെറിയ കുട്ടികളേയും വൃദ്ധരേയും സ്ത്രീകളേയും കൊല്ലരുത്. ഈത്തപ്പനകൾക്ക് തീയിടുകയോ അവയെ നശിപ്പിക്കുകയോ ചെയ്യരുത്. കായ്കനികളുള്ള മരങ്ങൾ വെട്ടിമുറിക്കരുത്. ഭക്ഷണത്തിന് വേണ്ടിയല്ലാതെ ഒരു മൃഗത്തേയും അറുക്കരുത്. അനാവശ്യമായി ഒരു മൃഗത്തേയും അറുക്കുകയോ കൊല്ലുകയോ ചെയ്യാൻ പാടുള്ളതല്ല. അല്ലാഹുവിനുവേണ്ടി പള്ളികളുടെ സേവനങ്ങൾക്കായി സ്വജീവിതം അർപ്പിച്ചവരുടെ മുമ്പിലൂടെ നിങ്ങൾ കടന്നുപോകും. അവരേയും ഏതൊന്നിനുവേണ്ടി അവർ സ്വജീവിതം അർപ്പിച്ചുവോ അവരേയും വെറുതെവിട്ടുകൊള്ളുക. അതായത് സന്യാസികളേയും പള്ളിയിലെ പാതിരിമാരേയും ഒന്നും ചെയ്യരുത്. സാത്താൻ തലയുടെ മൂർദ്ധാവ് വടിച്ചുകളഞ്ഞിട്ടുള്ളവരെ നിങ്ങൾ കാണും. അവരുടെ ശിരസിലെ മധ്യഭാഗം കാടപക്ഷി മുട്ടയിടാനായി നിലത്ത് കുഴിമാന്തിയതുപോലെയിരിക്കും. മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നത് ഇപ്രകാരമാണ്. തങ്ങളുടെ ശിരസ്സിലെ മൂർദ്ധാവ് മുണ്ഡനം ചെയ്തവരെ നിങ്ങൾ കാണും. നാലുഭാഗത്തും തുണിചുറ്റിയതുപോലെ മുടിയുണ്ടാകും. തല മുണ്ഡനം ചെയ്ത ആ ഭാഗം നോക്കി നിങ്ങൾ വെട്ടുക. കൊല്ലാൻ കല്പിക്കപ്പെട്ടവരെ സംബന്ധിച്ച് വിവിധ നിവേദനങ്ങളുണ്ട്. മുസ്‌ലിമീങ്ങൾക്കെതിരെ യുദ്ധം ചെയ്യാൻ ജനങ്ങളെ ഇളക്കിവിടുകയും യുദ്ധങ്ങളിൽ ഭാഗഭാക്കാകുകയും ചെയ്തിരുന്ന സന്യാസികളല്ലാത്ത മതനേതാക്കളുടെ സംഘമായിരുന്നു ഇതെന്നാണ് പറയപ്പെടുന്നത്. അതുകൊണ്ട് പള്ളികളിൽ കഴിയുന്ന സന്യാസിമാരായ ആളുകളെ ഒന്നും ചെയ്യരുതെന്ന് ഹദ്റത്ത് അബൂബക്ർ(റ) പറഞ്ഞു. എന്നാൽ, യുദ്ധത്തിന് ആളുകളെ പ്രേരിപ്പിക്കുകയും യുദ്ധം ചെയ്യുകയും ചെയ്യുന്നവരോട് ഏതായാലും യുദ്ധം ചെയ്യേണ്ടിവരുമല്ലോ. കാരണം ഇവർ യുദ്ധത്തിന് ജനങ്ങളെ ഇളക്കിവിടുന്നവരും യുദ്ധം ചെയ്യുന്നവരുമാണ്. ഇസ്‌ലാമിലേക്ക് ശ്രദ്ധതിരിക്കുകയോ ഒന്നും ചെയ്യാനാവാതെ ജിസ്‌യ നൽകുകയോ ചെയ്യുവോളം യുദ്ധം ചെയ്യുക.

അല്ലാഹുവിനേയും അവന്റെ ദൂതനേയും സഹായിക്കുന്നവനെ അല്ലാഹു അദൃശ്യമായ നിലയിൽ സഹായിക്കുന്നതാണ്. ഞാൻ താങ്കൾക്ക് സലാം പറയുകയും താങ്കളെ അല്ലാഹുവിനെ ഏൽപ്പിക്കുകയും ചെയ്യുന്നു.' *(അൽഇക്തിഫാ, വാള്യം 2, ഭാഗം 1, പേജ് 117-118, ആലമുൽകുതുബ് ബെയ്റുത്ത് 1997)(താരീഖ് ത്വബരീ, വാള്യം 2, പേജ് 246, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)*

മറ്റൊരു നിവേദനത്തിൽ ഇതിനേക്കാളധികം നിർദ്ദേശങ്ങൾ ലഭിക്കുന്നുണ്ട്. എഴുതുന്നു: 'ഹദ്റത്ത് അബൂബക്ർ, യസീദ് ബിൻ അബൂ സുഫ്യാനോട് പറഞ്ഞു: 'താങ്കളെ പരീക്ഷിച്ചറിയുകയും കഴിവുകൾ പുറത്തുകൊണ്ടുവന്ന് പരിശീലിപ്പിക്കുകയും ചെയ്യുന്നതിന് വേണ്ടിയാണ് ഞാൻ ഗവർണറായി നിശ്ചയിക്കുന്നത്. താങ്കൾ സ്വന്തം ചുമതലകൾ ഭംഗിയായി നിർവഹിക്കുന്നപക്ഷം ഈ ദൗത്യത്തിന് വീണ്ടും നിശ്ചയിക്കുകയും കൂടുതൽ സ്ഥാനക്കയറ്റം നൽകുകയും ചെയ്യുന്നതാണ്. വല്ല കൃത്യവിലോപവും കാണിച്ചാൽ താങ്കളെ സ്ഥാനഭ്രഷ്ഠനാക്കും. അല്ലാഹുവിനോട് ഭയഭക്തി പുലർത്തുക. താങ്കളുടെ ബാഹ്യത്തെയെന്നപോലെ താങ്കളുടെ ആന്തരികവും അവൻ കാണുന്നുണ്ട്. എന്നാൽ, ജനങ്ങളിൽ അല്ലാഹുവിനോട് ഏറ്റവുമടുത്തിരിക്കുന്നത് അവനോടു സുഹൃത്ത് ബന്ധത്തിന്റെ കടമ നിറവേറ്റുന്നവനാകുന്നു. ജനങ്ങളിൽ അല്ലാഹുവിനോട് ഏറ്റവുമധികം അടുത്തിരിക്കുന്നത് അല്ലാഹുവിനോടുള്ള സൗഹൃദത്തിന്റെ കടമകൾ ഏറ്റവും നന്നായി നിർവഹിക്കുന്നവനാകുന്നു. സ്വകർമങ്ങളിലൂടെ ഏറ്റവുമധികം ദൈവസാമീപ്യം കരസ്ഥമാക്കുന്നവനാണ് ജനങ്ങളിൽ അല്ലാഹുവുമായി ഏറ്റവും അടുത്തിരിക്കുന്നവൻ. ഖാലിദ് ബിൻ സയീദിന്റെ സ്ഥാനത്താണ് ഞാൻ താങ്കളെ നിശ്ചയിച്ചിരിക്കുന്നത്. അജ്ഞാനകാലത്തെ മുൻവിധികളിൽനിന്ന് വിട്ടുനിൽക്കുക. അല്ലാഹുവിന് ഇത്തരം സംഗതികളേയും ഇങ്ങനെ പ്രവർത്തിക്കുന്നവരേയും ഇഷ്ടമല്ല. സ്വന്തം സൈന്യത്തിന് അടുത്തെത്തിയാൽ അവരോട് നല്ലനിലയിൽ പെരുമാറുക. നന്മയോടുകൂടി വർത്തിക്കുക. നല്ല കാര്യങ്ങൾ വാഗ്ദാനം ചെയ്യുക. അവർക്ക് ഉപദേശം നൽകേണ്ടിവരുമ്പോൾ ഹ്രസ്വമായി പറയുക. എന്തെന്നാൽ അധികമായ ഭാഷണങ്ങൾ കാരണം പല കാര്യങ്ങളും ഓർത്തുവെക്കാനാവില്ല. നിങ്ങൾ സ്വന്തം ആത്മാവിനെ ശരിയാക്കിവെക്കുന്ന പക്ഷം ജനങ്ങൾ നിങ്ങൾക്കായി നന്നായിത്തീരും. സ്വയം ശരിയാക്കുകയും ലീഡർ ശരിയാവുകയുമാണെങ്കിൽ ജനങ്ങൾ സ്വയമേവ ശരിയായിക്കൊള്ളും. നമസ്കാരം കൃത്യസമയത്ത് റുകൂഅ്ഉം സുജൂദും പൂർത്തിയാക്കിക്കൊണ്ട് അനുഷ്ഠിക്കുക. പൂർണ ഏകാഗ്രതയോടെ അനുഷ്ഠിക്കാനുള്ള ഏർപ്പാടൊരുക്കുക. ശത്രുരാജ്യങ്ങളിലെദൂതന്മാർനിങ്ങളുടെപക്കൽവന്നാൽ അവരെ ആദരിക്കുക. ദൂതൻ വരുമ്പോൾ അദ്ദേഹത്തെ ബഹുമാനിക്കുക. പക്ഷേ, അധികനേരം അവിടെ താമസിപ്പിക്കരുത്. നിങ്ങളുടെ സൈനികതാവളത്തിൽനിന്ന് ഉടനെ പുറത്തുപോകേണ്ടതാണ്. സൈനീകകാര്യങ്ങളെ സംബന്ധിച്ച് അയാൾ ഒന്നും അറിയാനിടയാകരുത്. രാജ്യദൂതന്മാരെ അധികം താമസിക്കാൻ അനുവദിക്കാതെ പെട്ടെന്ന് പറഞ്ഞുവിടണമെന്ന് കല്പിച്ചതിലെ യുക്തിയാണിത്. നിങ്ങളുടെ സമ്പത്തിനെക്കുറിച്ചും അവർ അറിയാനിടയാകരുത്. നിങ്ങളുടെ ദൗർബല്യങ്ങൾ അവർ അറിയുന്നതോടെ ഒരുപാട് കാര്യങ്ങൾ അവർ അതിൽനിന്ന് മനസ്സിലാക്കും. അവരെ തങ്ങളുടെ സൈന്യവ്യൂഹത്തിൽത്തന്നെ വെക്കുക. നിങ്ങളുടെ ആളുകളോട് സംസാരിക്കാൻ അയാളെ അനുവദിക്കരുത്. നിങ്ങൾ സ്വയം അദ്ദേഹത്തോട് സംസാരിക്കുമ്പോഴും സ്വന്തം രഹസ്യങ്ങൾ വെളിപ്പെടുത്താൻ പാടില്ല. അല്ലാത്തപക്ഷം നിങ്ങളുടെ അവസ്ഥ കൈവിട്ടുപോകും. നിങ്ങളാരോടെങ്കിലും അഭിപ്രായമാരായുമ്പോൾ സത്യം പറയുക. ശരിയായ അഭിപ്രായം ലഭിക്കുന്നതാണ്. കൂടിയാലോചകരിൽനിന്ന് കാര്യങ്ങൾ മറച്ചുവെക്കരുത്. നിങ്ങൾ കാരണം നിങ്ങൾക്കുതന്നെ നഷ്ടമുണ്ടാകും.

അഭിപ്രായമാരായുന്നവരോട് എല്ലാ കാര്യങ്ങളും സൂക്ഷ്മമായിതന്നെ പറയേണ്ടിവരും. എങ്കിൽ മാത്രമേ അവർക്ക് ശരിയായ അഭിപ്രായം നൽകാൻ സാധിക്കുകയുള്ളൂ. നഷ്ടം സംഭവിക്കുന്നത് കുറക്കാനുമാകും.

രാത്രികാലങ്ങളിൽ സുഹൃത്തുക്കളുമായി സംസാരിക്കുക; നിങ്ങൾക്ക് ഒരുപാട് സംഗതികൾ അറിയാൻ കഴിയും. വിവരങ്ങൾ രാത്രി ശേഖരിക്കുക, മറഞ്ഞ കാര്യങ്ങൾ നിങ്ങൾക്ക് വ്യക്തമാകും. സുരക്ഷാസേനയിൽ കൂടുതൽ ആളുകളെ വെക്കുകയും അവർ മുഖേന സൈന്യത്തെ വ്യാപിപ്പിക്കുകയും ചെയ്യുക. മിക്കയിടങ്ങളിലും മിന്നൽപരിശോധനകൾ നടത്തുക. തങ്ങൾ സംരക്ഷിക്കേണ്ട സ്ഥലങ്ങളുടെ കാര്യത്തിൽ അശ്രദ്ധ കാണിക്കുന്നവർക്കെതിരിൽ നടപടിയെടുക്കുക.

അതേസമയം ശിക്ഷ നൽകുമ്പോൾ പരിധി ലംഘിക്കരുത്. രാത്രി ജോലികൾ ഭാഗിച്ചു നൽകുക. രാത്രിയുടെ ആദ്യത്തെ ഊഴം അവസാന ഭാഗത്തേക്കാൾ ദൈർഘ്യമുള്ളതാക്കുക. എന്തെന്നാൽ, പകലിനോടടുക്കുന്നതിനാൽ ആ ഊഴം എളുപ്പമായിരിക്കും. രാത്രി തുടങ്ങുമ്പോഴുള്ള ഡ്യൂട്ടി ദൈർഘ്യമുള്ളതാക്കുക. കാരണം അന്നേരം ഉണർന്നിരിക്കാൻ എളുപ്പമാണ്. രാത്രിയിലെ അവസാന ഭാഗത്തെ ഡ്യൂട്ടി സമയം ആദ്യത്തേതിനേക്കാൾ ഹ്രസ്വമായിരിക്കേണ്ടതാണ്. ശിക്ഷയ്ക്ക് അർഹനായവനെ ശിക്ഷിക്കാൻ ഭയപ്പെടരുത്. ഇക്കാര്യത്തിൽ മൃദുനയം അരുത്. ശിക്ഷ നൽകുന്നതിൽ തിടുക്കം കൂട്ടുകയും ചെയ്യരുത്. തീർത്തും അവഗണിക്കാനും പാടില്ല. പറയുന്നു. സ്വന്തം സൈന്യത്തെക്കുറിച്ച് അശ്രദ്ധരാവരുത്. അവർ ദുഷിച്ചു പോകും. ചാരപ്രവൃത്തി ചെയ്ത് അവരെ നിന്ദിക്കരുത്. അവരുടെ രഹസ്യങ്ങൾ ആളുകളോട് പറഞ്ഞ് നടക്കാതിരിക്കുക. അവർ ബാഹ്യമായി പറയുന്നതിൽ തൃപ്തിപ്പെടുക. ഒന്നിനും കൊള്ളാത്തവരോടൊപ്പം ഇരിക്കരുത്. സത്യസന്ധരും ആത്മാർഥരുമായ ആളുകളോടൊപ്പം കഴിയുക. ശത്രുക്കളോട് പൊരുതുമ്പോൾ നെഞ്ചൂക്കോടെ നിലയുറപ്പിച്ച് പൊരുതുക. ഭീരുത്വം കാണിക്കരുത്; കൂടെ പൊരുതുന്നവരും ഭീരുക്കളായിപ്പോകും. യുദ്ധാനന്തമുതലുകൾ കൈകാര്യം ചെയ്യുന്ന കാര്യത്തിൽ വഞ്ചന കാണിക്കരുത്; അത് വിധേയത്വത്തെ അടുപ്പിക്കുകയും വിജയവും സഹായവും തടയുകയും ചെയ്യുന്നു. ആരാധനാലയങ്ങൾക്കായി സ്വജീവിതം അർപ്പിച്ചവരെ നിങ്ങൾ കാണും. അവരേയും അവർ സ്വയം മുഴുകിയിരിക്കുന്ന പ്രവൃത്തികളേയും വിട്ടേക്കുക. *(അൽകാമിൽ ഫിത്താരീഖ്, വാല്യം 2, പേജ് 253-254, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2006)*

ഏതൊരു നേതാവിനും ഭാരവാഹിക്കും പ്രവർത്തിക്കാനും പ്രയോഗവൽക്കരിക്കാനുമുള്ള പ്രവർത്തന രൂപരേഖയാണിത്. അതിനുശേഷം ഹദ്റത്ത് അബൂബക്ർ(റ), ഹദ്റത്ത് യസീദ് ബിൻ അബൂസുഫ്‌യാനെ ഹസ്തദാനം ചെയ്യുമ്പോൾ പറഞ്ഞു: മുസ്‌ലിമീങ്ങളിലെ ആദരണീയരായ വ്യക്തിത്വങ്ങളുടെ നേതാവായി നിശ്ചയിക്കപ്പെടുന്ന പ്രഥമ വ്യക്തിയാണ് താങ്കൾ. ഇവരാരും നിലവാരം കുറഞ്ഞവരോ ദുർബലരോ മതത്തിൽ ബലാൽക്കാരം ചെയ്യുന്നവരോ അല്ല.

അതുകൊണ്ട് താങ്കൾ ഇവരോട് നല്ല നിലയിൽ പെരുമാറുകയും മൃദുഭാവം പുലർത്തുകയും ചെയ്യുക. താങ്കളുടെ കരങ്ങളാൽ അവർക്ക് തണലേകുകയും സുപ്രധാന സംഗതികളിൽ അവരോട് അഭിപ്രായം ആരായുകയും ചെയ്യുക. അവരോട് സൽപെരുമാറ്റം കാണിക്കുക. അല്ലാഹു താങ്കളെ താങ്കളുടെ കൂട്ടുകാരോട് സൽപെരുമാറ്റം കാണിക്കുന്നവനായി മാറ്റട്ടെ.' തുടർന്ന് പറഞ്ഞു: 'നമ്മുടെ ഖിലാഫത്തിനോടുള്ള കടമകൾ നിർവഹിക്കാൻ സഹായിക്കുകയും ചെയ്യട്ടെ.' അനന്തരം ഹദ്റത്ത് യസീദ് തന്റെ സൈന്യവുമായി ശാമിലേക്ക് പുറപ്പെട്ടു.

ഹദ്റത്ത് അബൂബക്ർ(റ) രാവിലേയും വൈകുന്നേരവുമുള്ള എല്ലാ സുബ്ഹി അസ്ർ നമസ്കാരങ്ങളിലും ഇപ്രകാരം പ്രാർഥിക്കുമായിരുന്നു: 'അല്ലാഹുവേ! നീ ഞങ്ങളെ സൃഷ്ടിച്ചു. ഞങ്ങൾ ഒന്നുമായിരുന്നില്ല. നിന്റെ ഭാഗത്തുനിന്ന് കാരുണ്യവും അനുഗ്രഹവും ഇറക്കിക്കൊണ്ട് നീ ഞങ്ങളിൽ ഒരു ദൂതനെ അയച്ചു. വഴിപിഴച്ചുപോയിരുന്ന ഞങ്ങൾക്ക് നീ നേർമാർഗ്ഗം കാണിച്ചുതരികയും നിഷേധികളായിരുന്ന ഞങ്ങളുടെ ഹൃദയങ്ങളിൽ സത്യവിശ്വാസത്തോടുള്ള സ്നേഹം അങ്കുരിപ്പിക്കുകയും ചെയ്തു. എണ്ണത്തിൽ കുറവായിരുന്ന ഞങ്ങളെ നീ വർധിപ്പിച്ചു. ചിന്നിച്ചിതറിപ്പോയ ഞങ്ങളെ നീ ഒരുമിച്ചുകൂട്ടി. ഞങ്ങൾ ദുർബലരായിരുന്നു; നീ ഞങ്ങൾക്ക് ശക്തി പ്രദാനം ചെയ്തു. പിന്നീട് ജിഹാദ് ചെയ്യാൻ നീ ഞങ്ങൾക്ക് നിർബന്ധമാക്കി. അന്യാരാധകർ അല്ലാഹുവിന്റെ ഏകത്വം അംഗീകരിക്കുകയും നിസ്സഹായരായവർ സ്വന്തം കൈകളാൽ ജിസ്‌യ നൽകുകയും ചെയ്യുവോളം അവരോട് യുദ്ധം ചെയ്യാൻ നീ കല്പിച്ചു. ഒന്നുകിൽ മുസ്‌ലിമീങ്ങളാകുക അതിന് കഴിയില്ലെങ്കിൽ ജിസ്‌യ നൽകുക. നിന്നിൽ പങ്കുചേർക്കുകയും നിന്നെക്കൂടാതെ മറ്റുള്ളവരെ ആരാധിക്കുകയും ചെയ്ത ആ ശത്രുക്കളോടു യുദ്ധം ചെയ്തതിന് പ്രതിഫലമായി അല്ലാഹുവേ! നിന്റെ തൃപ്തിയാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. അല്ലാഹുവേ! നീയല്ലാതെ മറ്റൊരു ആരാധകനില്ല. അക്രമികൾ പറയുന്നതിനേക്കാൾ എത്രയോ ഉന്നതമാണ് നിന്റെ മഹത്ത്വം. അല്ലാഹുവേ! അന്യാരാധകരായ ശത്രുക്കൾക്കെതിരിൽ മുസ്‌ലിമീങ്ങളായ ദാസരേ നീ സഹായിച്ചാലും. അല്ലാഹുവേ! അവർക്ക് എളുപ്പത്തിൽ വിജയം നൽകി അനുഗ്രഹിക്കുകയും അവരെ പൂർണമായി സഹായിക്കുകയും ചെയ്യേണമേ. അവരിൽ ധൈര്യം കുറഞ്ഞവരെ ധൈര്യശാലികളാക്കുകയും അവരുടെ ചുവടുകളെ ഉറപ്പിച്ചുനിറുത്തുകയും ചെയ്യേണമേ. ശത്രുക്കളുടെ അടിപതറേണമേ. അവരുടെ ഹൃദയങ്ങളിൽ ഭയമിട്ട് അവരെ നശിപ്പിച്ച് വേരോടെ മുറിച്ചുകളയേണമേ. അവരുടെ കൃഷികളെ നശിപ്പിക്കേണമേ. ഞങ്ങളെ അവരുടെ സ്ഥലങ്ങളുടേയും പാർപ്പിടങ്ങളുടേയും സ്വത്തുക്കളുടേയും അടയാളങ്ങളുടേയും അവകാശികളാക്കേണമേ. നീ ഞങ്ങളുടെ മേൽനോട്ടക്കാരനാണല്ലോ. ഞങ്ങളുടെമേൽ കാരുണ്യം ചൊരിഞ്ഞാലും. ഞങ്ങളുടെ കാര്യങ്ങൾ ശരിയാക്കിത്തന്നാലും. നിന്റെ അനുഗ്രഹങ്ങളിൽ ഭാഗഭാക്കാകുന്നതിനുവേണ്ടി നീ ഞങ്ങളെ നന്ദി കാണിക്കുന്നവരിൽ ഉൾപ്പെടുത്തേണമേ. നീ ഞങ്ങൾക്കും സത്യവിശ്വാസികൾക്കും സത്യവിശ്വാസിനികൾക്കും മുസ്‌ലിമീങ്ങളായ സ്ത്രീപുരുഷന്മാർക്കും പൊറുത്തുകൊടുക്കേണമേ. അവരിൽ ജീവിച്ചിരിക്കുന്നവർക്കും മരിച്ചുപോയവർക്കും നീ പൊറുത്തുകൊടുക്കേണമേ. അല്ലാഹു എന്നേയും നിങ്ങളേയും ഇഹലോകത്തും പരലോകത്തും ദൃഢവിശ്വാസത്തിൽ ഉറച്ചുനിൽക്കുന്നവരാക്കി മാറ്റട്ടെ. തീർച്ചയായും അവൻ വിശ്വാസികളോട് വളരെയധികം ഔദാര്യം കാണിക്കുകയും ആവർത്തിച്ച് കരുണചൊരിയുന്നവനുമാകുന്നു. *(അൽഇക്തിഫാ, വാല്യം 2, ഭാഗം 1, പേജ് 118-119, ആലമുൽകുതുബ് ബെയ്റുത്ത് 1997)*

രണ്ടാമത്തെ സൈന്യം ഹദ്റത്ത് ശറഹ്ബീൽ ബിൻ ഹസ്ന(റ)യുടേതായിരുന്നു. ഹദ്റത്ത് ശറഹ് ബീൽ ബിൻ ഹസ്ന(റ)യുടെ പിതാവിന്റെ പേര് അബ്ദുല്ലാഹ് ബിൻ മുത്വാഅ് എന്നും മാതാവിന്റെ പേര് ഹസന എന്നുമായിരുന്നു. ഇദ്ദേഹത്തിന്റെ സംജ്ഞാനാമം അബ്ദുല്ലാ എന്നായിരുന്നു. ശൈശവത്തിൽത്തന്നെ മാതാപിതാക്കൾ മരണപ്പെട്ടിരുന്നു. ഹസന എന്ന മാതാവിന്റെ പേരിലൂടെ ഹദ്റത്ത് ശറഹ്ബീൽ ബിൻ ഹസ്ന(റ) എന്ന് വിളിച്ചു. ആദ്യകാല ഇസ്‌ലാം സ്വീകരിച്ചവരിൽ ശറഹ്ബീൽ ഉൾപ്പെടുന്നു. ഖിലാഫത്തെ റാശിദായുടെ കാലത്ത് പേരുകേട്ട സൈനികരിൽ ഒരാളായിരുന്നു. ഹിജ്റ 18-ൽ 67-ാം വയസ്സിൽ നിര്യാതനായി. ഹദ്റത്ത് അബൂബക്ർ(റ) ഹദ്റത്ത് യസീദ് ബിൻ അബൂ സുഫ്‌യാൻ പുറപ്പെട്ടതിന് മൂന്ന് ദിവസങ്ങൾക്കുശേഷം പുറപ്പെടാനുള്ള നിർദ്ദേശമാണ് ഹദ്റത്ത് ശറഹ്ബീൽ ബിൻ ഹസ്ന(റ)യ്ക്ക നൽകിയത്. മൂന്ന് ദിവസങ്ങൾ കഴിഞ്ഞപ്പോൾ ഹദ്റത്ത് ശറഹ്ബീൽ ബിൻ ഹസ്ന(റ)യെ യാത്രയാക്കിക്കൊണ്ട് ഹദ്റത്ത് അബൂബക്ർ പറഞ്ഞു: 'അല്ലയോ ശറഹ്ബീൽ! ഞാൻ യസീദ് ബിൻ അബൂ സുഫ്‌യാന് നൽകിയ വസ്വിയ്യത്ത് താങ്കൾ ശ്രവിച്ചിരുന്നുവോ?' അദ്ദേഹം പറഞ്ഞു: 'തീർച്ചയായും. അങ്ങ് വായിച്ച ഉപദേശങ്ങളെല്ലാംതന്നെ ഞാൻ കേട്ടിരുന്നു.' അപ്പോൾ ഹദ്റത്ത് അബൂബക്ർ(റ) പറഞ്ഞു: 'ഞാൻ ആ ഉപദേശങ്ങളനുസരിച്ചും യസീദിനോട് പറയാൻ മറന്നുപോയ കാര്യങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് വസ്വിയ്യത്ത് ചെയ്യുകയാണ്.

നമസ്കാരം കൃത്യസമയങ്ങളിൽ അനുഷ്ഠിക്കാൻ ഞാൻ വസ്വിയ്യത്ത് ചെയ്യുകയാണ്. യുദ്ധ ദിവസം മരണപ്പെട്ടാലും അതല്ല ജയിച്ചാലും സ്ഥിരതയോടുകൂടി നിൽക്കുക. രോഗികളെ പരിചരിക്കുകയും ജനാസകളിൽ പങ്കാളികളാകുകയും എല്ലാ അവസ്ഥകളിലും അല്ലാഹുവിനെ സ്മരിച്ചുകൊണ്ടിരിക്കുകയും ചെയ്യാൻ ഞാൻ വസ്വിയ്യത്ത് ചെയ്യുന്നു. അബൂ സുഫ്‌യാൻ അങ്ങയോട് പറയുകയുണ്ടായി. യസീദ് ഈ ഗുണങ്ങൾക്ക് ഉടമസ്ഥനാണ്. ശാമിലേക്കുള്ള യാത്രയ്ക്ക് മുമ്പേ ഈ കാര്യങ്ങളിൽ സ്ഥിരതയുള്ളവനാണ്. ഇൻശാഅല്ലാഹ് അവനെ കൂടുതൽ അനിവാര്യമാക്കുന്നതാണ്.' ഹദ്റത്ത് ശറഹ്ബീൽ മറുപടിയായി പറഞ്ഞു: 'അല്ലാഹുവിൽനിന്ന് സഹായം അർഥിക്കുന്നു. അല്ലാഹു ഉദ്ദേശിച്ചത് നടക്കുന്നതാണ്. പിന്നീട് ഹദ്റത്ത് അബൂബക്റിനോട് യാത്ര പറഞ്ഞുകൊണ്ട് സൈന്യത്തോടൊപ്പം ശാമിന്റെ ഭാഗത്തേക്ക് യാത്ര തിരിച്ചു. സൈന്യത്തിന്റെ അംഗബലം മൂവായിരം-നാലായിരം വരെയായിരുന്നു. തബൂക്, ബൽഖാഅ് എന്നീ സ്ഥലങ്ങളിൽ പോയിക്കൊണ്ട് അവസാനം ബസ്റയിലേക്ക്

പോകാനുള്ള നിർദ്ദേശമാണ് ലഭിച്ചത്. ബസ്റ ശാമിലെ പുരാതനവും പ്രസിദ്ധവുമായ പട്ടണമാണ്. ഹദ്റത്ത് ശറഹ്ബീൽ ബിൻ ഹസ്ന ബൽഖാഅ്ലേക്ക് പോയെങ്കിലും പറയത്തക്ക സംഭവങ്ങളൊന്നുമുണ്ടായില്ല. ബൽഖാഅ് എന്നതും ശാമിലുള്ള സ്ഥലമാണ്. അവിടത്തെ സൈന്യം ഹദ്റത്ത് അബൂഉബയ്ദ ബിൻ അൽജർറാഹിന്റെ സൈന്യത്തിന്റെ വലത്തും ഉമർ ബിൻ ആസ്വിന്റെ സൈന്യത്തിന്റെ ഇടതുവശത്തുനിന്നുകൊണ്ട് ബൽഖായിലെത്തി. പിന്നീട് ബസ്റയിലെത്തി. ഉപരോധം നടത്തിയെങ്കിലും വിജയിച്ചില്ല. കാരണം റോമക്കാരുടെ ശക്തികേന്ദ്രമായിരുന്നു അത്. *(സയ്യിദുനാ അബൂബക്ർ സിദ്ദീഖ് ശഖ്സിയ്യത്ത് ഔർ കാർണാമെ, അലി മുഹമ്മദ് അസ്സ്‌ലലാബീ മുത്തർജിം, 446-447, അൽഫുർഖാൻ ട്രസ്റ്റ് ഖാൻഗഢ് പാക്കിസ്താൻ)(അൽഇക്തിഫാ, വാല്യം 2, ഭാഗം 1, പേജ് 120, ആലമുൽകുതുബ് ബെയ്റുത്ത് 1997) (ഫർഹങ്കെ സീറത്ത് പേജ് 58, 61, സവാർ അക്കാഡമി കറാച്ചി)*

മൂന്നാമത്തെ സൈന്യം അബൂഉബയ്ദ ബിൻ അൽജർറാഹിന്റേതായിരുന്നു. അബൂ ഉബയ്ദാ ബിൻ അൽജർറാഹിന്റെ പേര് ആമിർ ബിൻ അബ്ദുല്ലാഹ് എന്നായിരുന്നു. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് അബ്ദുല്ലാഹ് ബിൻ ജർറാഹ് എന്നുമായിരുന്നു. ഹദ്റത്ത് അബൂ ഉബയ്ദ(റ) തന്റെ സംജ്ഞാ നാമത്താൽ പ്രസിദ്ധനായിരുന്നു. എന്നിരുന്നാലും അദ്ദേഹത്തിന്റെ പരമ്പര അദ്ദേഹത്തിന്റെ പിതാമഹനായിരുന്ന ജർറാഹുമായി ബന്ധമുള്ളതായിരുന്നു. നബി(സ)തിരുമേനി സ്വർഗ്ഗത്തിന് അവകാശികളെന്ന് പറഞ്ഞ പത്ത് സ്വഹാബാക്കളിൽ ഇദ്ദേഹവും പെടുന്നു. ഹിജ്റ 18-ൽ മരണമടഞ്ഞു. ആ സമയത്ത് 50 വയസ്സായിരുന്നു. *(അൽഇസാബ ഫീ തമീസിസ്സ്വഹാബ, ഭാഗം 3, പേജ് 475, ആമിർ ബിൻ അബ്ദുല്ലാഹ്, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് ലബ്നാൻ 2005)(ഉസുദുൽഗാബ ഫി മഅ്രിഫത്തിസ്സ്വഹാബ, വാല്യം 3, പേജ് 126,ആമിർ ബിൻ അബ്ദുല്ലാഹ്(റ), ദാറുൽകുതുബുൽ ഇൽമിയ്യ 2008) (ഇസ്തീആബ് വാല്യം 2, പേജ് 343, ദാറുൽകുതുബുൽ ഇൽമിയ്യ 2008)*

ഹദ്റത്ത് അബൂബക്ർ(റ) ശാമിന്റെ ഭാഗത്തേക്ക് അയച്ച സൈന്യത്തിന്റെ അമീർ ഞാൻ നേരത്തെ പറഞ്ഞതുപോലെ ഹദ്റത്ത് അബൂ ഉബയ്ദയായിരുന്നു. അദ്ദേഹത്തെ ഹിംസ് എന്ന സ്ഥലത്തേക്ക് യാത്രയയച്ചു. ഹിംസ് എന്നു പറയുന്നത് ഡമാസ്കസിന്റെ അടുത്തുള്ള പുരാതനവും വിശാലവുമായ പട്ടണമാണ്. അബൂ ഉബയ്ദയുടെ സൈന്യത്തിന്റെ അംഗബലം ഏഴായിരമായിരുന്നു. മറ്റൊരു നിവേദനത്തിന്റെ അടിസ്ഥാനത്തിൽ മൂവായിരം-നാലായിരമാണ്. ഹദ്റത്ത് അബൂഉബയ്ദ ബൽഖായിലൂടെ കടന്നുകൊണ്ട് മആബ് എന്ന പ്രദേശത്തിന്റെ അടുത്തുടെപോയി. ഇത് പട്ടണമായിരുന്നില്ല. മറിച്ച് കുടിലുകളുടെ പ്രദേശമായിരുന്നു. അവിടുത്തെ ജനങ്ങളുമായി യുദ്ധം നടന്നെങ്കിലും പിന്നീട് ജനങ്ങൾ രഞ്ജിപ്പിന് അപേക്ഷിക്കുകയും അത് പിന്നീട് സ്വീകരിക്കുകയും ചെയ്തു. ശാമിന്റെ പ്രദേശത്തുണ്ടായിരുന്ന ആദ്യത്തെ ഉടമ്പടിയായിരുന്നു ഇത്. *(താരീഖ് അത്ത്വബരി വാല്യം 2, പേജ് 333, 341, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2012)(സയ്യിദുനാ അബൂബക്ർ സിദ്ദീഖ്, അസ്സ്വലാബി പേജ് 447)*

ഹദ്റത്ത് അബൂബക്ർ(റ), ഹദ്റത്ത് അബൂ ഉബയ്ദയുടെ കൂടെ ഖയ്സ് ബിൻ ഹുബയ്റയേയും യാത്രയാക്കിയിരുന്നു. ഹദ്റത്ത് അബൂബക്ർ(റ) അദ്ദേഹത്തെ സംബന്ധിച്ച് ഹദ്റത്ത് അബൂ ഉബയ്ദയോട് വസ്വിയ്യത്ത് ചെയ്തുകൊണ്ട് പറയുകയുണ്ടായി: 'താങ്കളുടെ കൂടെ അറേബ്യയിലെ ഉത്തമനായ കുതിരപടയാളിയുമുണ്ട്.'

'ജിഹാദിന്റെ കാര്യത്തിൽ ഇതിലും ഉത്തമമായ സദുദ്ദേശ്യമുണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നില്ല. അദ്ദേഹത്തിന്റെ അഭിപ്രായമുള്ളതുകൊണ്ടും കൂടിയാലോചന കൊണ്ടും യുദ്ധപരമായ ശക്തികൊണ്ടും മുസ്‌ലിമീങ്ങൾക്ക് മറ്റാരേയും ആശ്രയിക്കേണ്ടി വരികയില്ല. അദ്ദേഹത്തെ താങ്കളുടെ അടുത്തു വെക്കുക. അദ്ദേഹത്തോടു സൗമ്യതയോടും കാരുണ്യത്തോടെയും വർത്തിക്കുക.

താങ്കൾ അദ്ദേഹത്തിൽനിന്ന് ഉയർന്നവനല്ലെന്നതോന്നാൽ അദ്ദേഹത്തിൽ ഉണ്ടാക്കണം. അതുമുഖേന താങ്കൾക്ക് അദ്ദേഹത്തിന്റെ നന്മകരസ്ഥമായിക്കൊണ്ടിരിക്കും. ശത്രുക്കൾക്കെതിരിൽ അദ്ദേഹത്തിന്റെ ശ്രമങ്ങൾ താങ്കളോടൊപ്പമുണ്ടാകും. ഹദ്റത്ത് അബൂഉബയ്ദ(റ) പോയതിനുശേഷം ഖയ്സ് ബിൻ ഹുബയ്റയെ ഹദ്റത്ത് അബൂബക്ർ(റ) വിളിപ്പിച്ചു. എന്നിട്ട് പറഞ്ഞു: താങ്കളെ ഈ ഉമ്മത്തിലെ സത്യസന്ധനായ അബൂ ഉബയ്ദയുടെ കൂടെ അയക്കുകയാണ്. അദ്ദേഹത്തെ ആക്രമിക്കുകയാണെങ്കിൽ അദ്ദേഹം തിരിച്ചൊന്നും ചെയ്യുകയില്ല. അദ്ദേഹത്തിന്നെതിരിൽ മോശമായി പെരുമാറിയാൽ മാപ്പ് നൽകുന്നതാണ്. അദ്ദേഹവുമായി ബന്ധം വിച്ഛേദിച്ചാൽ അത് ഊട്ടിയുറപ്പിക്കാൻ ശ്രമിക്കും. സത്യവിശ്വാസികളോട് വളരെയധികം കരുണയുള്ളവനാണ് നിഷേധികൾക്കെതിരിൽ കാഠിന്യമുള്ളവനാണ്. അദ്ദേഹത്തിന്റെ കല്പനകളെ മാനിക്കുക. നിനക്ക് നല്ലതുമാത്രം ഉണ്ടാകുന്ന കല്പനകൾ അദ്ദേഹം നല്കുന്നതാണ്. നിന്റെ വാക്കുകൾ കേൾക്കാനുള്ള കല്പന ഞാൻ നൽകിയിട്ടുണ്ട്. അതിനാൽ ഭയഭക്തിയോടെ കൂടിയാലോചന നടത്തുക. ശിർക്കിന്റേയും ജഹാലത്തിന്റേയും കാലത്ത് യുദ്ധം ചെയ്ത് പരിചയമുള്ള ആളാണെന്ന് നാം കേട്ടിട്ടുണ്ട്. ജഹാലത്തിന്റെ സമയത്ത് കുഫ്റും തിന്മയും ഉണ്ടാകുന്നു. അല്ലാഹുവിന് സമന്മാരെ ഉണ്ടാക്കുന്നവർക്കെതിരിൽ ഇസ്‌ലാമിനുവേണ്ടി ധൈര്യവും കഴിവുകളും പുറത്തെടുക്കുക. അതിൽ അല്ലാഹു മഹത്തായ പ്രതിഫലവും മുസ്‌ലിമീങ്ങൾക്ക് വിജയവും അന്തസ്സും വെച്ചിരിക്കുന്നു. ഈ ഉപദേശം ശ്രവിച്ചശേഷം ഖയ്സ് ബിൻ ഹുബയ്റ പറഞ്ഞു: 'ഞാനും താങ്കളും ജീവിച്ചിരിക്കുകയാണെങ്കിൽ ഞാൻ മുസ്‌ലിമീങ്ങളെ സംരക്ഷിച്ചതായും നിഷേധികൾക്കെതിരെ ജിഹാദ് ചെയ്ത വാർത്ത താങ്കൾക്കു ലഭിക്കുകയും അങ്ങ് സന്തോഷിക്കുകയും ഇഷ്ടപ്പെടുകയും ചെയ്യുന്നതാണ്.' ഹദ്റത്ത് അബൂബക്ർ(റ) പറഞ്ഞു: താങ്കളെ പോലുള്ളവർക്ക് അങ്ങനെ മാത്രമെ ചെയ്യാൻ കഴിയുകയുള്ളു. അബൂബക്റിന് ജാബിയയിൽ (റോമക്കാരുടെ) രണ്ട് കമാൻഡറുകളുമായി അദ്ദേഹത്തിന്റെ പോരാട്ടമുണ്ടായതും അവരിരുവരേയും വധിച്ചതും അറിഞ്ഞപ്പോൾ അവിടന്ന് പറഞ്ഞു:ഖയ്സ് തന്റെ വാഗ്ദാനം നിറവേറ്റിയിരിക്കുന്നു. *(താരീഖ് ദിമിശ്ഖുൽകബീർ ലിഇബ്നി അസാക്കിർ, ഭാഗം 52, ദിക്റു ഖയ്സ് ബിൻ ഹുബയ്റത്തുൽമക്ശൂഹ്, പേജ് 336-337, ദാറു അഹ്‌യാഉത്തുറാഥ് അൽഅറബി ബെയ്റുത്ത് 2001)*

ഇതിന്റെ ബാക്കി പിന്നീട് തുടർന്നു കൊണ്ടിരിക്കുന്നതായിരിക്കും.

ഈ സമയത്ത് ഒരു ശഹീദിനെ സംബന്ധിച്ച് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അത് നമ്മുടെ ശഹീദ് നസീർ അഹ്മദ് സാഹിബാണ്. അബ്ദുൽ ഗനി സാഹിബിന്റെ മകനായിരുന്നു. റബ്‌വയിൽ ദാറുർറഹ്മത്തിന്റെ കിഴക്കു ഭാഗത്തായിട്ടാണ് താമസിച്ചിരുന്നത്. ആഗസ്ത് 12-ന് അഹ്മദിയ്യത്തിന്റെ ശത്രു കത്തികൊണ്ട് ആക്രമിച്ച് ശഹീദാക്കുകയായിരുന്നു. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* വിവരങ്ങളുടെ അടിസ്ഥാനത്തിൽ ബസ്സ്റ്റോപ്പിൽ പത്രം വിൽക്കുന്ന തന്റെ സുഹൃത്തിനോടൊപ്പം നിൽക്കുകയായിരുന്നു അദ്ദേഹം. ആ സമയം മതഭ്രാന്തനായ ഹാഫിള് ശഹ്ദാദ് ഹസൻ അവിടെ വന്നുകൊണ്ട് താങ്കൾ അഹ്മദിയാണോ എന്ന് ചോദിച്ചു. അദ്ദേഹം അതിന് മറുപടി നൽകി: 'അതെ, ഞാൻ അഹ്മദിയ്യാ ജമാഅത്തിലെ അംഗമാണ്.' ഉടനെ ആ വ്യക്തി ജമാഅത്തിന്നെതിരെ മുദ്രാവാക്യം മുഴക്കി. അത് തടയാൻ ശ്രമിച്ചപ്പോൾ സഞ്ചിയിൽനിന്ന് കഠാരയെടുത്ത് നസീർ അഹ്മദ് സാഹിബിനെ പലപ്രാവശ്യം ആക്രമിച്ചു. സെക്കന്റുകൾക്കുള്ളിൽ അദ്ദേഹം വഫാത്തായി. 62 വയസ്സായിരുന്നു. താൻ ചെയ്ത പ്രവർത്തിയിൽ തനിക്ക് ഒട്ടുംതന്നെ സഹതാപമില്ലെന്ന് പ്രതി പറയുകയുണ്ടായി. കൂടാതെ അവസരം ലഭിച്ചാൽ ഇതുപോലെ ഇനിയും ആവർത്തിക്കുന്നതാണെന്നും പറഞ്ഞു. ഈ സംഭവം ഒരു മിനിറ്റിനുള്ളിലാണ് നടന്നത്. രണ്ടുമൂന്ന് മിനിറ്റുകൾക്കകം ആശുപത്രിയിലെത്തിച്ചിരുന്നു. എന്തായാലും ശഹീദായി. അല്ലാഹുവിന്റെ വിധി അതായിരിക്കും.

ശഹീദ് മർഹൂമിന്റെ കുടുംബത്തിൽ അഹ്മദിയ്യത്ത് അദ്ദേഹത്തിന്റെ പിതാമഹൻ ഫിറോസുദ്ദീൻ സാഹിബ് റായ്പൂർ ജില്ല സിയാൽക്കോട്ട് മുഖേനയാണ് ലഭിച്ചത്. അദ്ദേഹം 1935-ൽ ഖലീഫത്തുൽ മസീഹ് ഥാനിയുടെ കൈയിൽ ബയ്അത്ത് ചെയ്തുകൊണ്ട് ജമാഅത്തിൽ പ്രവേശിച്ചു. പ്രൈമറി വിദ്യാഭ്യാസത്തിനുശേഷം

ശേഷം പേജ് 12 ൽ

ഇസ്മായീൽ മുസ്തഫാ

# നബി(സ)തിരുമേനിയുടെ പ്രബോധന മാതൃക

1. "പ്രബോധനത്തിന്റെ പൊതുപ്രഖ്യാപനത്തിനു ശേഷം നബി(സ)തിരുമേനി അറേബ്യയിലെ വിവിധ ഗോത്രങ്ങളിൽ അല്ലാഹുവിലേക്ക് ജനങ്ങളെ ക്ഷണിക്കാൻ (ദഅ്വത്ത് ഇലല്ലാഹ്)തുടങ്ങി. അതിൽ ഒരു കുറവും നബി(സ)തിരുമേനി വരുത്തിയില്ല. ഒരിക്കൽ ഔസ് ഗോത്രത്തിലെ ചിലർ ഖസ്റജ് ഗോത്രത്തിന്നെതിരിൽ സഹായം തേടി മക്കയിലെ ഖുറയ്ശികളുടെ അടുക്കൽ വന്നു. നബി(സ)തിരുമേനി ആ സംഘത്തിലെത്തി അവർക്കും സത്യസന്ദേശം എത്തിച്ചു. ആ ചെറുപ്പക്കാർക്കുള്ള ബന്ധം ഔസ് ഗോത്രത്തിന്റെ ശാഖയായ അബ്ദുൽ അശ്ഹലുമായിട്ടായിരുന്നു. തങ്ങളുടെ നേതാവ് അബുൽജലീസിന്റെ നേതൃത്വത്തിലാണ് അവർ മക്കയിൽ വന്നത്. ഖസ്റജ് ഗോത്രത്തിന്നെതിരിൽ ഖുറയ്ശികളിൽനിന്ന് സഹായം തേടുകയും ഉടമ്പടി ഉണ്ടാക്കുകയും ചെയ്യുക എന്നതായിരുന്നു അവരുടെ ഉദ്ദേശ്യം. നബി(സ)തിരുമേനി അവരുടെ സദസ്സിൽച്ചെന്ന് പറഞ്ഞു: 'നിങ്ങൾ ഏതൊരു ഉദ്ദേശ്യത്തിന്നായിട്ടാണോ വന്നിട്ടുള്ളത് അതിനെക്കാൾ ഉത്തമമായത് ഞാൻ നിങ്ങൾക്കു പറഞ്ഞുതരട്ടെയോ?" അവർ ചോദിച്ചു, അതെന്താണ്? നബി(സ)തിരുമേനി പറഞ്ഞു: 'ഞാൻ അല്ലാഹുവിന്റെ ദൂതനാണ്. അല്ലാഹു എന്നെ മനുഷ്യകുലത്തിന്റെ സന്മാർഗത്തിന്നായി അയച്ചിരിക്കുന്നു; അവനെ അവർ ആരാധിക്കുന്നതിനും അവനോടു ആരേയും പങ്കുചേർക്കാതിരിക്കുന്നതിനും വേണ്ടി. അവൻ എന്നിൽ ഗ്രന്ഥവും ഇറക്കിയിട്ടുണ്ട്." പിന്നീടു നബി(സ)തിരുമേനി ഇസ്‌ലാമികാധ്യാപനങ്ങൾ അവർക്കു പറഞ്ഞുകൊടുത്തു. അവരെ വിശുദ്ധ ഖുർആൻ കേൾപ്പിച്ചു. അതുകേട്ടപ്പോൾ ഇളം പ്രായക്കാരനായ ഒരു ചെറുപ്പക്കാരൻ അയാസ് ബിൻ മുആദ് പറഞ്ഞു: 'എന്റെ ജനമേ! ഏതൊരു ഉദ്ദേശ്യത്തിനുവേണ്ടിയാണോ നിങ്ങൾ വന്നിട്ടുള്ളത് ഈ സന്ദേശം അതിനെക്കാൾ പലമടങ്ങ് ഉത്തമമാണ്.' ഇതു കേട്ടപാടെ അവരുടെ നേതാവായ അബുൽജലീസ് ഒരുപിടി മണ്ണുവാരി അയാസിന്റെ വായിൽ തിരുകി. അവർ മദീനയിലേക്കു മടങ്ങി. തുടർന്നാണ് ഔസ്ഗോത്രവും ഖസ്റജ് ഗോത്രവും തമ്മിൽ ബആഥ് യുദ്ധം നടന്നത്." (ബയ്ഹഖി)

2. ഹദ്റത്ത് ജാബിർ(റ) പറയുന്നു: 'നബി(സ)തിരുമേനി പത്തു വർഷംവരെ തുടർച്ചയായി ഹജ്ജ് വേളയിൽ ഹാജിമാരുടെ തമ്പുകളിൽപോയി പ്രബോധനം ചെയ്തിരുന്നു. ഇപ്രകാരംതന്നെ മജ്ന, ഉക്കാള് മേളകളിലും മിനായിലും ഹാജിമാരുടെ തമ്പുകളിലുംപോയി, 'താൻ രക്ഷിതാവിന്റെ സന്ദേശമെത്തിക്കാൻ എവിടെപ്പോയാലും തന്നെ സഹായിക്കാനും തനിക്കു അഭയം നല്കുമെന്ന് സമ്മതിക്കാനും ആരുണ്ട്?' എന്ന് നബി(സ)തിരുമേനി ചോദിക്കുമായിരുന്നു. അത്തരം ആൾക്ക് താൻ സ്വർഗത്തെ സംബന്ധിച്ച് സുവാർത്ത അറിയിക്കുന്നു എന്നും നബി(സ)തിരുമേനി പറയുമായിരുന്നു. ആരും നബി(സ)തിരുമേനിയെ സഹായിക്കാനോ പിന്തുണയ്ക്കാനോ തയ്യാറായിരുന്നില്ല. യമനിൽനിന്നും മറ്റു പ്രദേശങ്ങളിൽനിന്നും ആളുകൾ ഹജ്ജിനു വരുമ്പോൾ അവർ തങ്ങളുടെ ജനത്തെ, 'ആ ഖുറയ്ശി ചെറുപ്പക്കാരനിൽനിന്ന് ജാഗ്രത പാലിച്ചുകൊള്ളുക, അവൻ നിങ്ങളെ വഴിതെറ്റിക്കാതിരിക്കട്ടെ' എന്ന് ഉപദേശിക്കുമായിരുന്നു.

നബി(സ)തിരുമേനി ഹാജിമാരുടെ തമ്പുകളിൽപ്പോയി അവരെ അല്ലാഹുവിലേക്കു ക്ഷണിക്കും. ജനങ്ങൾ ആ മഹാത്മാവിനെ പരിഹസിക്കും. അങ്ങനെ അല്ലാഹു മദീനയിലെ അൻസ്വാറിനെ (സഹായികളെ)യഥ്‌രിബിൽ നിന്നയക്കാൻ തുടങ്ങി. അവർ ഓരോരുത്തരായി നബി(സ)തിരുമേനിയുടെ അടുക്കൽ വന്ന് വിശ്വസിച്ചു. ഖുർആൻ പഠിച്ചു. യഥ്‌രിബിലെ (മദീനയുടെ പഴയപേര്)തങ്ങളുടെ കുടുംബങ്ങളിലേക്ക് തിരിച്ചുപോയി അവരേയും ഇസ്‌ലാമിൽ കൊണ്ടുവന്നു. മുസ്‌ലിം സംഘങ്ങളില്ലാത്ത ഒരു സ്ഥലവും മദീനയിൽ ഇല്ലാതെയായി. ഇതു മുഖേന ഇസ്‌ലാമിന് ശക്തിയും കഴിവും ലഭിച്ചു. പിന്നീടു എഴുപതു പേരടങ്ങുന്ന ഒരു സംഘം മക്കയിൽപ്പോയി. ഹജ്ജിന്റെ അവസരത്തിൽ ശിഅബു അബീത്വാലിബിൽവച്ച് അവർ ഇസ്‌ലാം സ്വീകരിച്ചു. (അഹ്മദ്)

**ഹിജ്റഃ യാത്രയിലും പ്രബോധനം**

3. മദീനയിലെ ബരീദഃഅൻസ്വാരി തന്റെ കുടുംബമായ ബനീസഹ്മിലെ എഴുപതുപേരുമായി യാത്ര ചെയ്യുന്ന സന്ദർഭത്തിലാണ് നബി(സ)തിരുമേനിയെ കണ്ടുമുട്ടിയത്. ഹിജ്റത്തിന്റെ യാത്ര അപകടത്തിൽനിന്ന് മുക്തമായിരുന്നില്ല. എന്നിട്ടും നബി(സ)തിരുമേനി ആ സംഘത്തെ പരിചയപ്പെടുകയും അവർക്ക് സത്യസന്ദേശം എത്തിക്കുകയും ചെയ്തു. ബരീദയുമായി യുക്തിനിർഭരവും മാധുര്യമേറിയതുമായ ഭാഷണമാണ് നബി(സ)തിരുമേനി നടത്തിയത്. തൽഫലമായി അദ്ദേഹം കുടുംബസമേതം ഇസ്‌ലാം സ്വീകരിച്ചു. നബി(സ)തിരുമേനി ചോദിച്ചു: 'താങ്കൾ ആരാണ്?' ബരീദഃ തന്റെ പേരു പറഞ്ഞു. (അതിന്റെ അർഥം തണുപ്പ് എന്നാണ്). നബി(സ)തിരുമേനി ആ പേരിന്റെ അർഥമായ 'തണുപ്പിൽ'നിന്ന് ശുഭസൂചകമെടുത്തു. അബൂബക്റിനു നേരെ തിരിഞ്ഞുകൊണ്ടു പറഞ്ഞു, 'അബൂബക്റേ! നമ്മെ പിന്തുടരുന്നവരുടെ ആവേശം ഇപ്പോൾ തണുത്തുപോയിരിക്കുന്നു.' പിന്നീട് നബി(സ)തിരുമേനി ചോദിച്ചു, 'താങ്കൾ ഏതു ഗോത്രത്തിൽപ്പെട്ടയാളാണ്?' താൻ അസ്‌ലം ഗോത്രക്കാരനാണെന്ന് ബരീദ പറഞ്ഞു. അസ്‌ലം എന്ന വാക്കിന്റെ അർഥം രക്ഷ എന്നാണ്. നബി(സ)തിരുമേനി അബൂബക്റിനോടു പറഞ്ഞു, 'നമുക്ക് രക്ഷ നല്കപ്പെട്ടിരിക്കുന്നു.' പിന്നീടു നബി(സ)തിരുമേനി ചോദിച്ചു, 'മക്കൾ ആരുടേതാണ്?.' മക്കൾ 'ബനിസുഹ്മി'ന്റേതാണെന്ന് ബരീദഃ അറിയിച്ചു. (സുഹ്മിന്റെ അർഥം യുദ്ധമുതലിൽ പങ്ക് എന്നാണ്). നബി(സ)തിരുമേനി മൂന്നാമത്തെ പ്രാവശ്യം അബൂബക്റിനോടു പറഞ്ഞു, 'യുദ്ധത്തിൽ പിടിച്ചെടുത്തമുതലിന്റെ നിങ്ങളുടെ പങ്ക് നിങ്ങൾക്കു നല്കപ്പെട്ടിരിക്കുന്നു.'

ബരീദഃ(റ)ചോദിച്ചു, 'അങ്ങ് ആരാണ്?' നബി(സ)പറഞ്ഞു, 'ഞാൻ മുഹമ്മദ് ബിൻ അബ്ദുല്ലാഹ്, അല്ലാഹുവിന്റെ ദൂതനാണ്.' ബരീദഃ പറഞ്ഞു, 'അല്ലാഹു അല്ലാതെ ഒരുദൂതനുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു, മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.' ബരീദഃ(റ)യും അദ്ദേഹത്തിന്റെ കൂടെ ഉണ്ടായിരുന്നവരും അവിടെവച്ച് ഇസ്‌ലാം സ്വീകരിച്ചു.

അടുത്ത ദിവസം രാവിലെ ഹദ്റത്ത് ബരീദഃ(റ), നബി(സ)തിരുമേനിയുടെ തിരുസന്നിധിയിൽ ഒരു അഭിപ്രായം ചോദിച്ചു: 'മദീനയിൽ നമ്മുടെ പതാക പിടിച്ചുകൊണ്ട് പ്രവേശിക്കട്ടെ?' അങ്ങനെ അദ്ദേഹം തന്റെ തലപ്പാവ് അഴിച്ച് കുന്തത്തിൽകെട്ടുകയും മുമ്പേ മുമ്പേ നടക്കാൻ തുടങ്ങുകയും ചെയ്തു. അദ്ദേഹം പറഞ്ഞു, 'അല്ലാഹുവിന്റെ റസൂലേ! എന്റെ വീട്ടിൽ താമസിച്ചാലും.' നബി(സ)തിരുമേനി പറഞ്ഞു, 'എന്റെ ഒട്ടകം അല്ലാഹുവിന്റെ കല്പനയനുസരിച്ച് ഇരിക്കുന്നതാണ്.' (അൽവഫാഅ്)

4. നബി(സ)തിരുമേനിയുടെ കൂടെ ആ മഹാത്മാവിന് സേവനം ചെയ്തുകൊണ്ട് ഒരു യഹൂദക്കുട്ടി താമസിച്ചിരുന്നു. അവന് സുഖമില്ലാതായപ്പോൾ രോഗവിവരം അറിയുന്നതിനുവേണ്ടി നബി(സ)തിരുമേനി അവന്റെയടുക്കൽ പോയി. നബി(സ)തിരുമേനി അവന്റെ കട്ടിലിന്റെ തലഭാഗത്തുനിന്നുകൊണ്ട് അവനോട് 'ഇസ്‌ലാം സ്വീകരിക്കുക' എന്നു പറഞ്ഞു. അവൻ തൊട്ടടുത്തുനിന്ന പിതാവിനെ നോക്കി. പിതാവ് നബി(സ)തിരുമേനിയുടെ വാത്സല്യവും നന്മയും കണ്ടിട്ട് പറഞ്ഞു, 'അബുൽഖാസിം പറയുന്നത് അനുസരിച്ചു കൊള്ളുക.' അങ്ങനെ ആ കുട്ടി(കലിമചൊല്ലി) മുസ്‌ലിമായി. നബി(സ)തിരുമേനി അവിടെ നിന്നിറങ്ങി. 'ഒരു ആത്മാവിനെ തീയിൽനിന്ന് രക്ഷിച്ച അല്ലാഹുവിനാകുന്നു സർവസ്തുതിയും' എന്ന് അവിടന്ന് അപ്പോൾ പറയുന്നുണ്ടായിരുന്നു.(ബുഖാരി)

നബി(സ)തിരുമേനി വെളിയിൽ ഇറങ്ങിയപാടെ കുട്ടി മരണപ്പെട്ടു എന്ന് മറ്റൊരു നിവേദനത്തിൽ വന്നിട്ടുണ്ട്. അപ്പോൾ നബി(സ)തിരുമേനി സ്വഹാബാക്കളോടു പറഞ്ഞു, 'എഴുന്നേല്ക്കുക, നിങ്ങളുടെ സഹോദരനുവേണ്ടി ജനാസഃ നമസ്കരിക്കുക.' (അഹ്മദ്)

5. അറേബ്യയിൽ ഒറ്റയ്ക്ക് സന്ദേശമെത്തിക്കുക എന്നത് നബി(സ)തിരുമേനിക്ക് ഏറെ ദുഷ്കരമായിരുന്നു. അതിനുവേണ്ടി സഹായികളേയും പ്രബോധകരേയും ആവശ്യമായി വന്നു. ഇസ്‌ലാമിക പ്രബോധനം നടത്തുന്നതിന് വിവിധ ഗോത്രങ്ങളിൽനിന്ന് മുഅല്ലിമുമാരേയും മുബല്ലിഗുമാരേയും അയച്ചുകൊടുക്കാൻ ആവശ്യമുയർന്നു. അങ്ങനെ അള്ല്, ഖാറത്ത് ഗോത്രങ്ങളുടെ ആവശ്യപ്രകാരം പത്തു സ്വഹാബിമാരെ നബി(സ)തിരുമേനി ആസ്വിം ബിൻ

ഥാബിത് അൻസ്വാരിയുടെ നേതൃത്തിൽ അയച്ചു. ഇവർ രാത്രിയിൽ യാത്രചെയ്യും പകൽ ഒളിഞ്ഞിരിക്കും. മക്കയിലെ ഖുറയ്ശികൾ അറിയാതിരിക്കാൻ അവർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഇവർ റജീഅ് എന്ന സ്ഥലത്തെത്തിയപ്പോൾ ഇവരുടെ ശത്രു ഗോത്രമായ ഹുദയ്ലിന് ഇവരെക്കുറിച്ചുള്ള വിവരം ലഭിച്ചു. ഇതറിഞ്ഞപ്പോൾ മുസ്‌ലിമീങ്ങൾ അടുത്തുള്ള മലമുകളിൽക്കയറി. ശത്രുക്കൾ അവരെ വളഞ്ഞു. കീഴടങ്ങുകയാണെങ്കിൽ തങ്ങൾ കൊല്ലുകയില്ലെന്ന് അവർ വിളിച്ചു പറഞ്ഞു. ഇസ്‌ലാമിക സംഘത്തിന്റെ നേതാവ് ആസ്വിം 'തനിക്കു അവിശ്വാസികളുടെ വാക്കിൽ വിശ്വാസമില്ലെന്ന് പറഞ്ഞ് ശത്രുക്കളുടെ നേരെ അമ്പെയ്ത്തു തുടങ്ങി. അതിനോടൊപ്പം ഇങ്ങനെയൊരു കവിതാശകലവും ചൊല്ലുന്നുണ്ടായിരുന്നു. അതിന്റെ അർഥം ഇപ്രകാരമാണ്, 'മരണം സത്യമാണ്. ജീവിതം വ്യർഥമാണ്. അല്ലാഹുവിന്റെ വിധിമാത്രമാണ് സത്യമായിട്ടുള്ളത്.'

തന്റെ കൈയിലുള്ള അമ്പുകൾ തീർന്നപ്പോൾ ആസ്വിം കുന്തമെടുത്ത് പോരാടി. അതൊടിഞ്ഞപ്പോൾ വാളെടുത്തു. അങ്ങനെ പൊരുതിപ്പൊരുതി വീരമൃത്യു വരിച്ചു. അന്ത്യ നിമിഷത്തിൽ അദ്ദേഹം ദുആ ചെയ്യുന്നുണ്ടായിരുന്നു,'അല്ലാഹുവേ! ഞാനെന്റെ അന്ത്യശ്വാസംവരെ നിന്റെ ദീനിനെ സംരക്ഷിച്ചു. ഇനി എന്റെ ശരീരത്തെ നീ തന്നെ സംരക്ഷിക്കേണമേ..' അദ്ദേഹത്തിന്റെ ദുആ അത്ഭുതകരമായ നിലയിൽ അല്ലാഹു സ്വീകരിച്ചു.

അദ്ദേഹത്തിന്റെ ശരീരത്തെ വികൃതമാക്കി അപമാനിക്കാൻ ശത്രുക്കൾ അടുത്തെത്തിയപ്പോൾ കടന്നൽക്കൂട്ടം അവരെ ആക്രമിക്കാൻ തുടങ്ങി. അങ്ങനെ അദ്ദേഹത്തിന്റെ ശരീരം ശത്രുകൈകളാൽ വികൃതമാകാൻ അല്ലാഹു വിട്ടില്ല. മഴപെയ്തു വെള്ളം കുത്തിയൊലിച്ചു വരുന്നതുവരെ അതു തുടർന്നു. അവസാനം വെള്ളപ്പാച്ചിൽ അദ്ദേഹത്തിന്റെ ശരീരം ഒഴുക്കിക്കൊണ്ടുപോയി.

ഈ സംഭവം റജീഅ് എന്ന പേരിൽ വിഖ്യാതമാണ്. ഇതിൽ സംഘത്തിന്റെ അമീറായ ആസ്വിം ബിൻ ഥാബിതും അദ്ദേഹത്തിന്റെ ആറു കൂട്ടുകാരും വീരമൃത്യു വരിച്ചു. അദ്ദേഹത്തിന്റെ മറ്റുമൂന്നു കൂട്ടുകാരായ ഖുബയ്ബ്, സയ്ദ്, അബ്ദുല്ലാഹ് ബിൻ ത്വാരിഖ് എന്നിവർ ശത്രുക്കളുടെ ഉടമ്പടി സ്വീകരിച്ചു കീഴടങ്ങി. ശത്രുക്കൾ അവരെ വരിഞ്ഞുകെട്ടിക്കൊണ്ടിരിക്കുമ്പോൾ അബ്ദുല്ലാഹ് പറഞ്ഞു, 'ഇതു ആദ്യത്തെ ഉടമ്പടി ലംഘനമാണ്. ഈ തടവ് എനിക്കു സ്വീകാര്യമല്ല.' അദ്ദേഹം അവരുമായി ഏറ്റുമുട്ടി നിമിഷങ്ങൾക്കുള്ളിൽ അവിടെ മരിച്ചു വീണു. ഖുബയ്ബിനേയും സയ്ദിനേയും(സയ്ദ് ബിൻ അദ്ദസിന്ന) മക്കക്കാർ വിലക്കുവാങ്ങി. ബദ്ർ യുദ്ധത്തിൽ വധിക്കപ്പെട്ട തങ്ങളുടെ ഉറ്റവർക്കു പകരമായി അവരെ വധിച്ച് പ്രതികാരാഗ്നി ശമിപ്പിക്കുന്നതിനുവേണ്ടിയായിരുന്നു ഇത്. അവരെ വധസ്ഥലിയിലേക്ക് കൊണ്ടു പോകുന്ന ദിവസം ഖുബയ്ബ് പറഞ്ഞു, 'എനിക്കു രണ്ടു റക്അത്ത് നമസ്കരിക്കാൻ അനുവാദം തരിക.' അദ്ദേഹം പെട്ടെന്ന് പെട്ടെന്ന് നമസ്കരിച്ചു. എന്നിട്ടു പറഞ്ഞു, 'അല്ലാഹുവാണ! ഞാൻ മരണത്തെ ഭയപ്പെടുന്ന ആളാണെന്ന് നിങ്ങൾ വിചാരിക്കുമായിരുന്നില്ലെങ്കിൽ ഇന്ന് ഞാൻ ദീർഘമായി നമസ്കരിക്കുമായിരുന്നു.'

അന്യായമായ ഈ വധത്തിന്റെ തമാശ കാണാൻ നഗരത്തിലെ സ്ത്രീകളും കുട്ടികളും അടിമകളും വെളിയിലിറങ്ങി തടിച്ചുകൂടി. വധത്തിന്റെ ഭീകരമുഖം അവരെ കാണിക്കുന്നതിനുവേണ്ടി ഒരു നീളമുള്ള തടിയിൽ ഖുബയ്ബിനെ തൂക്കിയിട്ടു. എന്നിട്ട് അവർ പറഞ്ഞു, 'ഇസ്‌ലാമിൽനിന്ന് പശ്ചാത്തപിച്ച് മടങ്ങുകയാണെങ്കിൽ ഈ നിമിഷം നിന്നെ സ്വതന്ത്രനാക്കാം. ഇല്ലെങ്കിൽ നിന്നെ കൊല്ലും.' ഖുബയ്ബ് പറഞ്ഞു, 'അല്ലാഹുവിന്റെ വഴിയിലെ എന്റെ ജീവാർപ്പണം നിസ്സാരമായൊരു കാണിക്കയാണ്.' പിന്നീടു ഖുബയ്ബ് പറഞ്ഞു, 'അല്ലാഹുവേ! എന്റെ സലാം നിന്റെ റസൂലിനെത്തിക്കാൻ ഇവിടെ ആരുമില്ല. അതുകൊണ്ട് നീ തന്നെ എന്റെ സലാം എത്തിച്ചാലും. എന്നോടുള്ള ഇവരുടെ പെരുമാറ്റത്തെക്കുറിച്ചും വിവരം നല്കിയാലും.' ശത്രുക്കൾ വധിക്കാൻ ഒരുങ്ങിയപ്പോൾ ഹദ്റത്ത് ഖുബയ്ബ്(റ) ചൊല്ലിയ കവിതയാണിത്:

**മാ ഉബാലി ഹീന ഉഖ്തലൂ മുസ്‌ലിമൻ**

**അലാ അയ്യി ശഖ്ഖിൻ കാന ലില്ലാഹി മസ്വ്റഈ**

**വദാലിക്ക ഫീ ദാത്തിൽഇലാഹി വഇൻയശാഅ്**

**യുബാരിക് അലാ ഔസ്വാലി ശിൽവിൻ മുമസ്സഈ**

മുസ്‌ലിമായിക്കൊണ്ടു ഞാൻ വധിക്കപ്പെടുമ്പോൾ ഏതു പാർശ്വത്തിന്മേലാണ് അല്ലാഹുവിനുവേണ്ടി ഞാൻ വീഴുന്നതെന്ന് എനിക്കു നോക്കേണ്ട കാര്യമില്ല. അതു അല്ലാഹുവിന്റെ തൃപ്തിയിലാണ്. അവൻ ഇച്ഛിച്ചാൽ കഷണമാക്കപ്പെട്ട ജഡത്തിന്റെ അവയവങ്ങളുടെമേൽ അവൻ പുണ്യം നല്കുന്നതാണ്.*(ലോകാനുഗ്രഹി എം എ അബ്ദുൽ ഖാദിർ പേജ് 184)*

മറുവശത്ത് മുന്നൂറു മൈൽ അകലെ മദീനയിൽ അല്ലാഹുവിന്റെ റസൂൽ(സ) തന്റെ സഖാക്കളോടൊപ്പം മജ്‌ലിസിൽ ഇരിക്കുകയായിരുന്നു. ആ കൃത്യ സമയത്ത് നബി(സ)തിരുമേനിക്ക് വഹ്‌യ് ഇറങ്ങാൻ തുടങ്ങി. ഹദ്റത്ത് ഉസാമ ബിൻ സയ്ദ് പറയുന്നു: '*വ അലയ്ഹിസ്സലാം വ റഹ്മത്തുല്ലാഹി വ ബറക്കാത്തുഹൂ*' എന്ന് നബി(സ)തിരുമേനി പറയുന്നതായി ഞങ്ങൾ കേട്ടു. വഹ്‌യുടെ അവസ്ഥ നിലച്ചപ്പോൾ നബി(സ)തിരുമേനി പറഞ്ഞു, 'ഇപ്പോൾ ജിബ്‌രീൽ വന്നിരുന്നു. അദ്ദേഹം ഖുറയ്ശികൾ ശഹീദാക്കിയ ഖുബയ്ബിന്റെ സലാം എനിക്കെത്തിക്കുകയായിരുന്നു. ഖുറയ്ശികൾ തങ്ങളുടെ 40 നേതാക്കന്മാരുടെ (അവർ ബദ്ർ യുദ്ധത്തിൽ മുസലിമീങ്ങളുടെ കൈയാൽ വധിക്കപ്പെട്ടവരായിരുന്നു)മക്കളെ ഖുബയ്ബിനെ വധിക്കാൻ ഒരുമിച്ചുകൂട്ടി. അവരുടെ കൈയിൽ കുന്തങ്ങൾ കൊടുത്തുകൊണ്ട് പറഞ്ഞു, 'ഇയാളെ കുന്തംകൊണ്ട് കൊലപ്പെടുത്തി പ്രതികാരാഗ്നി ശമിപ്പിച്ചു കൊള്ളുക.' അങ്ങനെ അവർ എല്ലാവരും കൂടി ഖുബയ്ബിനെ ശഹീദാക്കി." *(അൽഹൽബിയ്യ)*

മക്കവിജയത്തിനുശേഷം നബി(സ)തിരുമേനി കുറച്ചു നാളത്തേക്ക് ത്വായിഫിനെ ഉപരോധിച്ചു. പിന്നീട് പെട്ടെന്ന് ഉപരോധം നീക്കി മദീനയിൽ തിരിച്ചെത്തി. മദീനയിലേക്ക് മടങ്ങി വരുമ്പോൾ വഴിയിൽവച്ച് ഥഖീഫ് ഗോത്രത്തിന്റെ ഒരു സർദാർ ഉർവ ബിൻ മസ്ഊദ് വന്ന് ഇസ്‌ലാം സ്വീകരിച്ചു. തന്റെ ജനതയിൽപോയി ഇസ്‌ലാം വിളംബരം ചെയ്യാൻ ആഗ്രഹിക്കുന്നുവെന്ന് അദ്ദേഹം നബി(സ)തിരുമേനിയെ അറിയിച്ചു. നബി(സ)തിരുമേനി പറഞ്ഞു, 'ഥഖീഫ് ഗോത്രം താങ്കളെ കൊന്നുകളയും.' അതുകേട്ടപ്പോൾ ഹദ്റത്ത് ഉർവ(റ) പറഞ്ഞു, 'അവരെന്നെ തങ്ങളുടെ മക്കളെക്കാൾ അധികം സ്നേഹിക്കുന്നവരാണ്.' അങ്ങനെ ഹദ്റത്ത് ഉർവ(റ) തിരിച്ച് ത്വായിഫിലെത്തി. അദ്ദേഹത്തിന്റെ ജനത അദ്ദേഹത്തെ കാണാൻ വന്നു. ഹദ്റത്ത് ഉർവ(റ) അവരെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചു. അവർ നിഷേധിച്ചു. അസഭ്യങ്ങൾ പുലമ്പാൻ തുടങ്ങി. തൊട്ടടുത്ത ദിവസം രാവിലെ ഹദ്റത്ത് ഉർവ(റ)തന്റെ മുറിയിൽനിന്ന് വെളിയിലിറങ്ങി ശഹാദത്ത് കലിമ ചൊല്ലി. ഥഖീഫ് ഗോത്രത്തിലെ ഒരു അമ്പെയ്ത്തുകാരൻ അമ്പെയ്ത് അദ്ദേഹത്തെ ശഹീദാക്കി. അവസാന നിമിഷത്തിൽ പ്രതിക്രിയയെ പറ്റി അദ്ദേഹത്തോടു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു, 'ഇതൊരു ബഹുമതിയാണ്. അല്ലാഹു എനിക്കു നല്കിയ ബഹുമതി. എനിക്കു ശഹാദത്തിന്റെ പദവി അവൻ നല്കിയിരിക്കുന്നു.' അദ്ദേഹത്തിന്റെ ശഹാദത്ത് അറിഞ്ഞപ്പോൾ നബി(സ)തിരുമേനി പറഞ്ഞു, 'ഉർവയുടെ ഉദാഹരണം സൂറ യാസീനിൽ അല്ലാഹു പറഞ്ഞ വ്യക്തിയുടേതാണ്. അദ്ദേഹം തന്റെ ജനതയെ റസൂലിനെ പിൻപറ്റാൻ ക്ഷണിച്ചിരുന്നു.' (അൽ ഹൽബിയ്യ)

★★★★





**ത്വാലിബെ ദുആ**



**SABIR BURQA HOUSE**

**ALL TYPES OF READYMADE BURQA**

**ഓർഡർ അനുസരിച്ച് ബുർഖകൾ കൊരിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.**

**CIVIL LINES ROAD, OPP.FOUR STORY QADIAN**

CONTACT NO: 98884 45694 (SABIR AHMAD)


**• കലാമുൽ ഇമാം •**

**'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'**

*(മൽഫൂദാത്ത് വാള്യം 3, പേജ് 38)*

**ത്വാലിബെ ദുആ: K.Muhammad Shareef &Family**
**Ahmadiyya Jama-ath Vaniyambalam, Kerala**

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-7 Thursday 22 September 2022 Issue-38

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

**പേജ് 6 ൽ നിന്ന്**

കൃഷി ചെയ്ത് കുറച്ചുകാലം മലേഷ്യയിൽ ജോലി നോക്കി. പിന്നീട് പാക്കിസ്താനിലേക്ക് തിരിച്ചുവന്നു. പത്തുവർഷം മുമ്പേ റായ്പൂരിൽനിന്നും റബ്വയിലേക്ക് താമസം മാറി. ഇക്കാലങ്ങളിൽ ജോലിയൊന്നുമുണ്ടായിരുന്നില്ല. ഹൃദ്രോഗിയായിരുന്നു. അധിക സമയവും ജമാഅത്തിന്റെ സേവനത്തിന് ചെലവഴിച്ചു. ഈ അവസരത്തിലും അൻസ്വാറുല്ലായുടെ മുൻതളിം അൻസ്വാറായും മാൽസെക്രട്ടറിയായും സേവനം അനുഷ്ഠിക്കുകയായിരുന്നു. വലിയ സൽഗുണങ്ങൾക്ക് ഉടമയായിരുന്നു. കവലയിലുള്ള യത്തീമുകളുടേയും ദരിദ്രരുടേയും സേവനത്തിൽ എപ്പോഴും ശ്രദ്ധിച്ചിരുന്നു. മസ്ജിദ് വൃത്തിയാക്കുന്ന കാര്യത്തിലും ശ്രദ്ധിച്ചിരുന്നു. മറ്റുള്ളവരുമായി ഇഴകിച്ചേരുന്ന പ്രകൃതക്കാരനും അധ്വാനിയുമായിരുന്നു. കാലിന് പരിക്കുപറ്റിയിട്ടും ജമാഅത്തിന്റെ സേവനങ്ങളിൽനിന്ന് പിന്മാറിയിരുന്നില്ല. ഖുത്ബകൾ കേൾക്കുന്നതിലും നമസ്കാരത്തിലും അതിയായ ശ്രദ്ധയുണ്ടായിരുന്നു. ഖിലാഫത്തിനോട് അഭേദ്യമായ സ്നേഹമായിരുന്നു. സ്വുബ്ഹി നമസ്കാരശേഷം മൊബൈൽ ഫോണിലൂടെ ഖുർആൻ പാരായണം ശ്രവിക്കുമായിരുന്നു. അതിനുശേഷം ദുആ ചെയ്യാൻ ബിഹിശ്തി മഖ്ബറയിൽ പോകുമായിരുന്നു. ജമാഅത്തിലെ സ്വദ്ർ സാഹിബ് പറയുന്നു: 'ജമാഅത്തിന്റെ എന്ത് ആവശ്യങ്ങൾക്കും ഒഴികഴിവ് പറയാതെ അതിൽ പങ്കെടുക്കുമായിരുന്നു.'

അദ്ദേഹത്തിന്റെ മകൾ മുബാറക്ക സാഹിബ പറയുന്നു: ശഹീദാകുന്നതിന് കുറച്ച് ദിവസങ്ങൾക്ക് മുമ്പേ സ്വപ്നം കണ്ടതായി പറയുകയുണ്ടായി. അതിൽ ആൾക്കൂട്ടവും ദുഃഖത്തിന്റെ അവസ്ഥയുമായിരുന്നു. അതിനുശേഷം സ്വദഖ നൽകി. എന്റെ സമയം അടുത്തിരിക്കുന്നുവെന്ന് പല പ്രാവശ്യവും പറഞ്ഞിരുന്നു.' അദ്ദേഹത്തിന്റെ സഹധർമ്മിണി പർവീൺ അഖ്തർ കൂടാതെ മൂന്ന് പെൺമക്കളാണുള്ളത്. അല്ലാഹു അവർക്കെല്ലാം സഹനവും ധൈര്യവും നല്കുമാറാകട്ടെ. അദ്ദേഹത്തിന്റെ സഹോദരൻ തൻവീർ അഖ്തർ സാഹിബ് പറയുന്നു: കുട്ടിക്കാലം മുതൽക്കേ ഭൗതികവും ആത്മീയവുമായ വിദ്യാഭ്യാസമില്ലായിരുന്നു. എന്നിട്ടും ജമാഅത്തിനോടും ഖിലാഫത്തിനോടും അതിയായ കൂറും സ്നേഹവുമായിരുന്നു. ഒരു സാധാരണ മനുഷ്യനായിരുന്നു. മറ്റുള്ളവരുടെ സന്തോഷം കണ്ട് സന്തോഷമിക്കുമായിരുന്നു. പെരുന്നാൾ അവസരങ്ങളിൽ ലാഹോറിൽനിന്ന് വരുമ്പോൾ മധുരപലഹാരങ്ങളുമായി വരികയും തനിക്കുവേണ്ടി തുന്നിയ വസ്ത്രം ഒരു പ്രാവശ്യം ഇട്ടതിനുശേഷം എനിക്ക് നൽകുമായിരുന്നു. കാരണം ഞാൻ വഖ്ഫെ സിന്ദഗിയായിരുന്നു. എന്നിട്ട് എന്റെ പഴയ വസ്ത്രം ധരിച്ച് തിരിച്ചുപോകുമായിരുന്നു. സഹോദരീപുത്രൻ പറയുന്നു: ഫോൺ എപ്പോഴും കൂടെ വെക്കുമായിരുന്നു. അതിന് കാരണം പറഞ്ഞിരുന്നത് ജമാഅത്തിൽനിന്ന് ആർക്കെങ്കിലും വല്ല ആവശ്യങ്ങളുമുണ്ടെങ്കിൽ ഉടനെ അവരെ സഹായിക്കാമല്ലോ. ഫോൺ ഇല്ലെങ്കിൽ എങ്ങനെ അവരെ ബന്ധപ്പെടും. രാത്രി ഫോൺ അടിച്ചാലും ജമാഅത്തിന്റെ സേവനത്തിന് ഇറങ്ങുമായിരുന്നു. റബ്വയുടെ മുക്കിലും മൂലയിലും സഹായത്തിന് പോകേണ്ടിവന്നാൽ പോകുമായിരുന്നു. രക്തം ദാനം നൽകാൻ എപ്പോഴും സന്നദ്ധനായിരിക്കുമായിരുന്നു. അതിനാൽ പല ആളുകളുടേയും രക്ഷകനാകാനും സാധിച്ചിട്ടുണ്ട്. രോഗത്തെ ഒരിക്കലും വകവെച്ചിരുന്നില്ല. തന്റെ അസുഖത്തെക്കാളും വലുത് രോഗികളെ സഹായിക്കലായിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. ജന്നത്തുൽ ഫിർദൗസിൽ ഇടം നല്കുമാറാകാട്ടെ. സന്താനങ്ങൾക്ക് അദ്ദേഹത്തിന്റെ നന്മകൾ പിന്തുടരാൻ ഭാഗ്യം ലഭിക്കുമാറാകട്ടെ. നമസ്കാരത്തിനുശേഷം ജനാസ ഗാഇബ് നമസ്കരിപ്പിക്കുന്നതാണ്.

> നമ്മുടെ ഉപദേശങ്ങളുടെ ആകസ്സാരം അഥവാ അതിന്റെ കഴമ്പ് ലാ ഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർറസൂലുല്ലാഹ് (അല്ലാഹു അല്ലാതെ മറ്റൊരു ആരാധ്യനില്ല; മുഹമ്മദ്(സ) അവന്റെ ദൂതനാകുന്നു) എന്നത്രെ – ഹദ്റത്ത് മസീഹ് മൗഊദ്(അ)

**പേജ് 1 ൽ നിന്ന്**

ന്നവർ ഈ വചനങ്ങളിൽ ചിന്തിക്കുക. അതായത് എത്രവലിയ ത്യാഗമാണ് അത്തരക്കാരിൽനിന്ന് പ്രതീക്ഷിക്കപ്പെടുന്നത്. ഈ ത്യാഗത്തിന്റെ പ്രാധാന്യത്തെ ആരാണോ മനസ്സിലാക്കുന്നത് അവൻ പരീക്ഷണത്തിന്റെ അവസരത്തിൽ ഭീരുത്വം കാണിക്കുന്നതെന്തിനാണ്. കാരണം രാജ്യം ഉപേക്ഷിക്കാനുള്ളത്ര ത്യാഗങ്ങൾ ചെയ്യാനും അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദു ചെയ്യാനും തന്റെ ആത്മാവിനെ ജീവിതകാലം മുഴുവനും ഈ പ്രവൃത്തിയിലാക്കിവെക്കാനുമുള്ള ശക്തി ഭീരുവിന് എവിടെയാണുള്ളത്? എന്തെങ്കിലും താൽക്കാലികമായ അശ്രദ്ധ കാരണത്താൽ തെറ്റുണ്ടാകുകയും അല്ലെങ്കിൽ പിന്നീട് സത്യസന്ധമായി പശ്ചാത്തപിച്ചു കഴിഞ്ഞിട്ടുള്ളവനും മാത്രമെ ഈ പ്രവൃത്തികൾ ചെയ്യാൻ തൗഫീഖ് ലഭിക്കുകയുള്ളു.

ഹദ്റത്ത് ഉമറിന്റെ കാലഘട്ടത്തിൽ നുബുവ്വത്ത് വാദമുന്നയിച്ച് മതപരിത്യാഗിയായ ഒരുവൻ വീണ്ടും മുസ്ലിമായി. അയാളോടുള്ള ഹദ്റത്ത് ഉമറിന്റെ പെരുമാറ്റം അത് ഈ ആയത്തിന്റെ വ്യാഖ്യാനമാണ്. ആ വ്യക്തിയുടെ പേര് ത്വലയ്ഹ ബിൻ ഖുവയ്ലിദ് അസദീ എന്നായിരുന്നു. ഇയാൾ മുസ്ലിമീങ്ങൾക്കെതിരിൽ ചില യുദ്ധങ്ങളിലും പങ്കെടുത്തിരുന്നു. കുറച്ചു കാലത്തിനുശേഷം അയാൾ ഇസ്ലാമിൽ പ്രവേശിക്കാനാഗ്രഹിച്ചു. എന്നാൽ, ഹദ്റത്ത് ഉമർ(റ) അദ്ദേഹത്തിന് മാപ്പു കൊടുത്തില്ല. ഒരിക്കൽ യാദൃച്ഛികമായി ഒരു സ്വഹാബിയായ ശറഹ്ബീൽ ബിൻ ഹസ്ന(റ) (അദ്ദേഹം ബാഹ്യത്തിൽ നോക്കുമ്പോൾ വളരെ മെലിഞ്ഞവനും ദുർബലനുമായിരുന്നു. പക്ഷേ, യുദ്ധകാര്യങ്ങളിൽ വളരെ വിദഗ്ധനായിരുന്നു)ഒരു യുദ്ധത്തിൽ അവിശ്വാസിയായ നേതാവുമായി യുദ്ധം ചെയ്യുകയായിരുന്നു. ആ നേതാവ് വാളുകൊണ്ടുള്ള യുദ്ധത്തിൽ അദ്ദേഹത്തെ നേരിടാൻ കഴിയില്ലെന്ന് മനസ്സിലാക്കിക്ഷണത്തിൽ മുന്നോട്ടാഞ്ഞ് അദ്ദേഹത്തിന്റെ അരക്കെട്ടിനു പിടിച്ച് താഴെ വീഴ്ത്തി നെഞ്ചിൽക്കയറി ഇരുന്നു. അദ്ദേഹത്തെ വധിക്കുമെന്ന സ്ഥിതിയിലായിരുന്നു. മനസ്സുകൊണ്ട് മുസ്ലിമായി കഴിഞ്ഞിരുന്ന ത്വുലയ്ഹാ ബിൻ ഖുവയ്ലിന് പക്ഷേ, ഹദ്ത്ത് ഉമർ തൗബ സ്വീകരിക്കാത്ത കാരണത്താൽ അപ്പോഴും അവിശ്വാസികളിൽത്തന്നെയായിരുന്നു, ആ ദൃശ്യം കണ്ടുകൊണ്ട് തന്റെ ഈമാൻ മറച്ചുവെക്കാൻ കഴിഞ്ഞില്ല. മുന്നോട്ടു നീങ്ങി ആ കാഫിർ സർദാറിന്റെമേൽ വാളുകൊണ്ടുവെട്ടി. അയാളുടെ തല ഉടലിൽനിന്ന് വേർപ്പെട്ടു. ഹദ്റത്ത് ശറഹ്ബീലിന്റെ ജീവൻ രക്ഷപ്പെട്ടു. ഈ സംഭവം മറ്റു മുസ്ലിമീങ്ങളെ വല്ലാതെ സ്വാധീനിച്ചു. അവർ അദ്ദേഹത്തിന് മാപ്പുകൊടുക്കണമെന്ന് ഹദ്റത്ത് ഉമറിനോടു ശിപാർശ ചെയ്തു. അപ്പോൾ ഹദ്റത്ത് ഉമർ(റ) പറഞ്ഞു: 'ഈയാൾ ഇനിയുള്ള ജീവിതമുഴുവൻ ജിഹാദിൽ കഴിയുമെന്ന നിബന്ധനയിൽ ഞാൻ ഈയാൾക്ക് മാപ്പുകൊടുക്കുന്നു.' അങ്ങനെ അദ്ദേഹം എപ്പോഴും അതിർത്തിയിൽത്തന്നെ താമസിച്ചു. അവിശ്വാസികളോടു യുദ്ധം ചെയ്തുകൊണ്ടുമിരുന്നു. അവസാനം അതേ അവസ്ഥയിൽ വഫാത്തായി. അയാൾ അറിഞ്ഞുകൊണ്ട് മതപരിത്യാഗിയായതാണെങ്കിലും ഹദ്റത്ത് ഉമർ ഈ ആയത്തിൽനിന്ന് പാഠമുൾക്കൊണ്ടുകൊണ്ട് ഇതുമായി സാദൃശ്യമുള്ള കല്പന അയാൾക്ക് നല്കുകയായിരുന്നുവെന്ന് മനസ്സിലാകുന്നു.'

*(തഫ്സീറെ കബീർ വാള്യം 4, പേജ് 256 - 257, പ്രസാധനം ഖാദിയാൻ 2010)*

**പേജ് 1 ൽ നിന്ന്**

വിളിപ്പേര് ഇടരുത്.

**അല്ലാഹുവേ! ഹസനെ സ്നേഹിക്കുന്നവരെ നീയും സ്നേഹിച്ചാലും**

(2122) ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം. നബി(സ) തിരുമേനി ഒരു ദിവസം പകലിന്റെ ഒരു ഭാഗത്ത് പുറപ്പെട്ട് പോകാൻ തുടങ്ങി. അവിടന്ന് എന്നോടു സംസാരിച്ചിരുന്നു. ഞാൻ അങ്ങോട്ടു സംസാരിച്ചിരുന്നില്ല. അങ്ങനെ അവിടന്ന് ബനുഖയ്നഖായുടെ അങ്ങാടിയിൽ വന്നു. ഹദ്റത്ത് ഫാത്വിമ(റ)യുടെ വീടിന്റെ മുറ്റത്ത് ഇരുന്നു. ചോദിച്ചു: കുട്ടി ഇവിടെത്തന്നെയുണ്ടോ?(ഹദ്റത്ത് ഹസനെയാണ് അവിടന്ന് ഉദ്ദേശിച്ചത്. ഹദ്റത്ത് ഫാത്വിമ(റ) കുറച്ചുനേരം അവനെ തടഞ്ഞുവെച്ചു. ഞാൻ മനസ്സിലാക്കിയത് അവനെ മാല അണിയിക്കുകയോ കുളിപ്പിക്കുകയോ ആണെന്നാണ്. ഇത്രയുമായപ്പോൾ അവൻ ഓടിവന്നു. അവൻ വന്നുടനെ അവിടന്ന് അവനെ കെട്ടിപ്പിടിക്കുകയും മുത്തുകയും ചെയ്തുകൊണ്ടു പറഞ്ഞു: അല്ലാഹുവേ നീ ഇവനെ പ്രിയപ്പെട്ടവനാക്കേണമെ. ഇവനെ സ്നേഹിക്കുന്നവരേയും നീ സ്നേഹിക്കേണമേ. *(ബുഖാരി വാള്യം 4, കിതാബുൽബുയൂഅ്, പ്രസാധനം 2008 ഖാദിയാൻ)*

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin